
VOL NO: 05 | ISSUE 32
www.nerpatham.com
mail@nerpatham.com
2021 AUGUST 14 | ₹12

# നേർപഥം

വാരിക

# നിയമപാലകർ നില മറക്കുന്നുവോ?




കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ശക്തമായ നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പൗരാവകാശം ലംഘിക്കുന്ന രൂപത്തിലേക്ക് നിയന്ത്രണങ്ങൾ മാറിപ്പോകുന്ന വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. നിയന്ത്രണങ്ങൾ നിയമപാലകർക്കുമാവാം എന്ന് പറയാതിരിക്കാനാവില്ല.

- **അഴിമതിക്കാർ അഴിയെണ്ണണം**


- **മരണം മണക്കുന്ന പായകൾ**
- **സ്രഷ്ടാവിന്റെ തൃപ്തി ലഭിക്കാൻ...**
- **വാർധക്യം; ചില ഓർമപ്പെടുത്തലുകൾ**


ഇനി പഠനം രസകരമാകും
peaceradio
Tune to reality
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
ANDROID APP ON Google play
Available on the App Store
Peace Radio
RadioForPeace

# 0238

# നേർപഥം

വാരിക

2021 ആഗസ്ത് 14

1442 മുഹർറം 05

പുസ്തകം 05 / ലക്കം 32

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly








## നിയമപാലകർ നില മറക്കുന്നുവോ?

നബീൽ പയ്യോളി

10

05
**മുഖമൊഴി**
അഴിമതിക്കാർ അഴിയെണ്ണണം
എഡിറ്റർ

06
**പുനർവായന**
എം.സി.സി അബ്ദുർറഹ്മാൻ മൗലവി
എൻ.വി അബ്ദുസ്സലാം ബിൻ മുഹമ്മദ്

16
**കാഴ്ച**
മരണം മണക്കുന്ന പായകൾ
ഇബ്നു അലി എടത്തനാട്ടുകര

17
**ഹദീഥ് പാഠം**
സ്രഷ്ടാവിന്റെ
തൃപ്തി ലഭിക്കാൻ...
ഉസ്മാൻ പാലക്കാഴി

18
**വിവർത്തനം**
ആരാധനകൾക്കൊരു
ആമുഖം
ശമീർ മദീനി

24
**ക്വുർആൻ ദർശനം**
അൽക്വമർ, ഭാഗം 4
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26
**ലേഖനം**
വാർധക്യം; ചില ഓർമപ്പെടുത്തലുകൾ
ദുൽക്കർഷാൻ അലനല്ലൂർ

31
**ചരിത്രപഥം**
ബാങ്കിലെ വചനങ്ങൾ
നിർണയിക്കപ്പെടുന്നു
ഹുസൈൻ സലഫി, ഷാർജ

34
**ബാലപഥം**
ഇന്ത്യയെന്ന പൂന്തോട്ടം / ഹിജ്റ
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ചലനങ്ങൾ

# പ്ലസ് ടു കൂടുതൽ സീറ്റ് അനുവദിക്കണം: വിസ്ഡം

മലപ്പുറം: ഈ വർഷത്തെ എസ്.എസ്.എൽ.എസി പരീക്ഷ ഫലം പരിഗണിച്ച് പാലക്കാട് മുതൽ കാർഗോഡ് വരെയുള്ള ജില്ലകളിൽ പ്ലസ്ടുവിന് കൂടുതൽ സീറ്റ് അനുവദിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സംയുക്ത സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

നിലവിലെ സാഹചര്യത്തിൽ 90 ശതമാനം മാർക്ക് നേടിയ കുട്ടികൾക്ക് പോലും സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ ഇഷ്ട വിഷയത്തിന് അഡ്മിഷൻ കിട്ടാത്ത സാഹചര്യമാണിത്.

പ്ലസ്ടു, വി.എച്ച്.എസ്.സി, പോളി തുടങ്ങിയ കോഴ്സുകൾക്ക് അടിയന്തിരമായി സീറ്റ് വർധിപ്പിക്കണം. പ്ലസ് ടു വരെയുള്ള പഠന സൗകര്യം ഓരോരുത്തർക്കും നൽകേണ്ട ബാധ്യത സർക്കാറിന്റേതായി കണക്കാക്കുന്ന ഈ രാജ്യത്ത് പഠന സൗകര്യത്തിന്റെ കുറവ് ഒരിക്കലും അംഗീകരിക്കാനാവില്ല.

സച്ചാർ കമ്മീഷന്റെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ കാലതാമസം വരുത്തരുത്. ചരിത്രപരമായ കാരണത്താൽ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ സർക്കാർ കാണിക്കുന്ന വിമുഖത അവസാനിപ്പിക്കണം.

കോവിഡ് മൂന്നാം തരംഗത്തിന്റെ മുന്നറിയിപ്പ് ഉൾക്കൊണ്ട് സമൂഹം കടുത്ത ജാഗ്രത പാലിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കൂടുതൽ ജാഗ്രത പാലിക്കണം. കോവിഡ് സാഹചര്യത്തിൽ അടിസ്ഥാന വിഭാഗങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് പി. എൻ അബ്ദുൽ ലത്തീഫ് മദനി അധ്യക്ഷത വഹിച്ചു. ജന: സെക്രട്ടറി ടി.കെ അശ്റഫ്, അബൂബക്കർ സലഫി, ലജ്നത്തുൽ ബുഹൂഥിൽ ഇസ്‌ലാമിയ്യ പ്രസിഡണ്ട് ഹുസൈൻ സലഫി, സെക്രട്ടറി ഫൈസൽ മൗലവി പുതുപ്പറമ്പ്, മുഹമ്മദ് സ്വാദിഖ് മദീനി, പ്രൊഫ. ഹാരിസ്ബ്നു സലീം, നാസിർ ബാലുശ്ശേരി, അബ്ദുൽ മാലിക് സലഫി, കെ.സി അയ്യൂബ്, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് ഹാരിസ് കായക്കൊടി, ജന: സെക്രട്ടറി താജുദ്ദീൻ സ്വലാഹി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് അർഷദ് അൽഹികമി, ജന: സെക്രട്ടറി ശമീൽ അരീക്കോട് തുടങ്ങിയവർ പങ്കെടുത്തു.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# അഴിമതിക്കാർ അഴിയെണ്ണണം

ജനാധിപത്യ ഭരണക്രമത്തിൽ അഴിമതി തീരെ ഇല്ലാതാക്കുക എന്നത് അസംഭവ്യമാണ്. ഭരണാധികാരികളും ഉദ്യോഗസ്ഥവൃന്ദവുമെല്ലാം നൂറുശതമാനം സത്യസന്ധരും അന്യായമായ വഴിക്ക് ധനം സമ്പാദിക്കുവാൻ ആഗ്രഹിക്കാത്തവരുമായാലാണല്ലോ അത് സംഭവിക്കുക. അതുകൊണ്ടുതന്നെ ഏതു മുന്നണി അധികാരത്തിൽ വന്നാലും രാജ്യം സമ്പൂർണമായി അഴിമതി മുക്തമാകുമെന്ന് ആരും പ്രതീക്ഷിക്കേണ്ടതില്ല. എന്നാൽ ഇച്ഛാശക്തിയുള്ള ഭരണാധികാരികൾക്ക് ഏറെക്കുറെ അഴിമതി ഇല്ലാതാക്കുവാൻ സാധിക്കും.

'അഴിമതി ഒഴിവാക്കണമെങ്കിൽ രാഷ്ട്രീയനേതൃത്വത്തിനു നിശ്ചയദാർഢ്യം വേണം. ജനാധിപത്യവ്യവസ്ഥിതിയിൽ ജനങ്ങൾക്കുള്ള മതിപ്പു കളയാൻ അഴിമതി കാരണമാകുന്നു' എന്ന് എ.കെ ആന്റണി വർഷങ്ങൾക്കു മുമ്പ് പറഞ്ഞതായി ഓർക്കുന്നു. അധികാരത്തിൽ പ്രവേശിക്കുന്നവർക്ക് എന്തുകൊണ്ട് ഈ ഇച്ഛാശക്തി ഇല്ലാതാകുന്നുവെന്ന് എല്ലാ കക്ഷികളിലെയും നേതാക്കന്മാർ ആലോചിച്ചുനോക്കേണ്ടതാണ്.

അഴിമതി തടയുന്നതിനുള്ള സാഹചര്യം ഒരുക്കാൻ ആരും ഫലപ്രദമായി ഒന്നും ചെയ്തിട്ടില്ല; അഴിമതി വർധിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുമുണ്ട് എന്നതല്ലേ വസ്തുത? അഴിമതി നിരോധന നിയമം കൊണ്ട് ഏത് അഴിമതിയാണ് ഇല്ലാതായിട്ടുള്ളത്? ഏത് വകുപ്പാണിന്ന് അഴിമതി മുക്തമായിട്ടുള്ളത്?

1988ലെ അഴിമതി നിരോധന നിയമത്തിൽ 30 വർഷത്തിനുശേഷം 2018ലാണ് കേന്ദ്ര ഭരണകൂടം ഭേദഗതി വരുത്തിയത്. കൈക്കൂലി നൽകുന്നതും ശിക്ഷാർഹമാക്കി എന്നതാണ് 1988ലെ നിയമത്തിൽ വന്ന പ്രധാനമാറ്റം. എന്നാൽ സർക്കാർ ജീവനക്കാർ, രാഷ്ട്രീയക്കാർ, ഭരണതല ബാങ്ക് ഉദ്യോഗസ്ഥർ എന്നിവർക്ക് ഈ ഭേദഗതി രക്ഷാകവചവും ഒരുക്കുന്നുണ്ട്. അവർക്കെതിരേ പരാതി ലഭിച്ചാൽ അന്വേഷണം ആരംഭിക്കുന്നതിനു മുമ്പ് സർക്കാരിന്റെ പ്രത്യേക അനുവാദം വാങ്ങണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. അഴിമതിക്കാർക്ക് നിയമപരിരക്ഷ ലഭിക്കുന്ന ഭേദഗതിയാണിത്.

കൈക്കൂലി നൽകാൻ നിർബന്ധിതരായാൽ അക്കാര്യം ഏഴു ദിവസത്തിനുള്ളിൽ അന്വേഷണ ഏജൻസിയെ അറിയിക്കാം. കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് മൂന്നു മുതൽ ഏഴുവർഷംവരെ തടവ് ലഭിക്കും. കൈക്കൂലി വാങ്ങിയെന്ന് സംശയിക്കുന്ന ഉദ്യോഗസ്ഥരുടെ സ്വത്ത് കോടതിയുടെ അനുമതിയോടെ അന്വേഷണ ഉദ്യോഗസ്ഥർക്ക് കണ്ടുകെട്ടാം. ഇതൊക്കെ ഏട്ടിലുണ്ട്, നാട്ടിലില്ല എന്നതല്ലേ ശരി?

തീർത്തും ന്യായമായ കാര്യം താമസം കൂടാതെ ചെയ്തുകിട്ടുന്നതിനു ശുപാർശയും കൈക്കൂലിയും വേണ്ടാത്ത എത്ര ഓഫീസുകൾ കാണും? നടപടിക്രമങ്ങൾ ലഘുവാക്കിയാൽ ഭരണയന്ത്രത്തിന്റെ സ്പീഡു കൂടും. കാലഹരണം വന്ന നിയമങ്ങളും സമയംകൊല്ലുന്ന ബ്യൂറോക്രാറ്റിക് നടപടികളുമാണ് അഴിമതിയുടെ വിളനിലം.

സംസ്ഥാനത്തെ പൊതുമരാമത്തുവകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, മോട്ടോർ വെഹിക്കിൾസ് വകുപ്പ് തുടങ്ങിയവ അഴിമതിയുടെയും കൈക്കൂലിയുടെയും കൂത്തരങ്ങാണ് എന്നതിൽ സംശയമില്ല. തീവ്രമായ അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ നടന്നേ തീരൂ. കൈക്കൂലി വാങ്ങുന്നവരെ കയ്യോടെ പിടിക്കുന്ന 'ട്രാപ്പ്' ഏർപ്പാട് വ്യാപകമാക്കാം.

സംസ്ഥാനം ഭരിച്ച ഒരു മന്ത്രിസഭയും അഴിമതി തടയണമെന്നു ആത്മാർഥമായി ആഗ്രഹിച്ചിട്ടില്ല. ആഗ്രഹിച്ചാലല്ലേ നിശ്ചയവും നിശ്ചയദാർഢ്യവും ഉണ്ടാകുകയുള്ളൂ. പ്രതിപക്ഷത്താകുമ്പോൾ അഴിമതിയെപ്പറ്റി പറയുകയും അധികാരത്തിലേറുമ്പോൾ അത് വിസ്മരിക്കുകയും ചെയ്യുന്നത് ജനാധിപത്യസമ്പ്രദായത്തിൽ ജനങ്ങൾക്കുള്ള മതിപ്പു കുറയാൻ ഇടയാകുമെന്നതിൽ സംശയമില്ല.



എൻ.വി അബ്ദുസ്സലാം ബിൻ മുഹമ്മദ്
mail@nerpatham.com

പുനർവായന

# എം.സി.സി അബ്ദുർറഹ്മാൻ മൗലവി

**(1971 ഫെബ്രുവരിയിൽ പുറത്തിറങ്ങിയ 'സൽസബീൽ' ത്രൈമാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം)**

2

അബ്ദുർറഹ്മാൻ മൗലവി മദ്റസത്തുൽ മുഹമ്മദിയ്യ(കോഴിക്കോട്)യിൽ പഠിപ്പിച്ചിരുന്നു. വാഴക്കാട് ദാറുൽ ഉലൂം മദ്റസയിൽ ജ:കൊയപ്പത്തോടി അഹ്മദ് കുട്ടി ഹാജി ജീവിച്ചിരിക്കുമ്പോൾ, ജ:കെ.എം മൗലവിയുടെ നിർദേശപ്രകാരം ജ:പറവണ്ണ മൊയ്തീൻകുട്ടി മുസ്‌ലിയാരെ നിയമിച്ചിരുന്നു. അദ്ദേഹം വിട്ടുപോയപ്പോൾ തൽസ്ഥാനത്തു എം.സി.സി അബ്ദുർറഹ്മാൻ മൗലവിയെ ആയിരുന്നു നിശ്ചയിച്ചത്. അദ്ദേഹത്തിന്റെ പരിശ്രമഫലമായി ദാറുൽ ഉലൂമിനെ മദ്രാസ് യൂനിവേഴ്സിറ്റി ഒരു അറബിക്കോളേജായി അംഗീകരിക്കുകയുണ്ടായി.

മദ്റസയെ വിചാരിച്ചപോലെ അഭിവൃദ്ധിപ്പെടുത്തുവാൻ ആവശ്യമായ പൂർണ സഹകരണം മാനേജ്മെന്റിൽനിന്നും കിട്ടാത്തതിനെ പറ്റി അദ്ദേഹം പ്രിൻസിപ്പാളായിരിക്കുമ്പോൾ എന്നോട് ആവലാതിപ്പെട്ടത് ഞാൻ ഓർക്കുന്നു. അവസാനം മദ്റസ പെട്ടെന്ന് പൂട്ടുവാൻ മാനേജ്മെന്റിന്റെ നിസ്സഹകരണം ഇടയാക്കിയതിനാൽ അബ്ദുർറഹ്മാൻ മൗലവിയും വിദ്യാർഥികളും സ്ഥലം വിട്ടു. കെ.എം മൗലവി അവരെ തിരൂരങ്ങാടിയിലേക്ക് ക്ഷണിച്ചതു പ്രകാരം തറമ്മൽ പള്ളിയിൽവെച്ച് അവർ കുറച്ചു കാലം ക്ലാസ്സ് നടത്തിയെങ്കിലും കോളേജ് ജംഇയ്യത്തുൽ ഉലമായുടെ പേരിലോ, തിരൂരങ്ങാടിയിലുള്ള മാനേജ്മെന്റിന്റെ കീഴിലോ നടത്തേണ്ടത് എന്നൊരു അഭിപ്രായവ്യത്യാസം ഉണ്ടായി.

വാസ്തവത്തിൽ കെ.എം മൗലവി ക്ഷണിച്ചപ്പോൾ എം.സി.സി അബ്ദുർറഹ്മാൻ മൗലവി കണക്കാക്കിയത് ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റ് ക്ഷണിക്കുന്നുവെന്നാണ്. തിരൂരങ്ങാടിയിലെ മാനേജ്മെന്റിന്റെ പ്രസിഡന്റും കെ.എം മൗലവിയായതുകൊണ്ട് അവിടെയുള്ളവർ മറിച്ചും ധരിച്ചു.

ബുദ്ധിയോടെ സ്വയം അർപ്പിച്ച ഒരു വ്യക്തിയായിരുന്നു എം.സി.സി അബ്ദുർറഹ്മാൻ മൗലവി സാഹിബ്. മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്വുർആൻ പരിഭാഷ ആരംഭിച്ച മൂന്നു മഹാ പണ്ഡിതന്മാരിൽ അബ്ദുർറഹ്മാൻ മൗലവിയും ഉൾപ്പെട്ടിരുന്നു. മറ്റു രണ്ടുപേർ (1) കെ.എം മൗലവി, (2) പി. കെ മൂസമൗലവി ഇവരാണ്.

ഏതായാലും ജംഇയ്യത്തുൽ ഉലമായുടെ കീഴിൽ തന്നെ കോളേജ് നടത്തണമെന്ന ഉറച്ച അഭിപ്രായമുള്ളതിനാൽ അബ്ദുർറഹമാൻ മൗലവി മറ്റു സ്ഥലം അന്വേഷിച്ചു. ജംഇയ്യത്തുൽ ഉലമായുടെ കീഴിലാണ് കോളേജ് നടത്തേണ്ടതെന്ന് ജംഇയ്യത്തുൽ ഉലമാ തീരുമാനിക്കുകയും ചെയ്തിരുന്നു.

പുളിക്കൽ 'കവാകിബുന്നയ്യിറ' സംഘത്തിന്റെ ഭാരവാഹികൾ മൗലവിയെ സ്വാഗതം ചെയ്തതിനാൽ അദ്ദേഹം കോളേജ് അവിടെ സ്ഥാപിച്ചു. തന്റെ പിതാവ് കുഞ്ഞമ്മദ് ഹാജിയായിരുന്നു കവാകിബുന്നയ്യിറ സ്ഥാപിക്കുന്നതിനു പ്രചോദനം നൽകിയത്. തന്റെ അനുജൻ ഹസൻ മൗലവി പുളിക്കൽ ദർസ് നടത്തുകയും ചെയ്തിരുന്നു.

കോളേജിന്ന് അംഗീകരണം നേടുന്ന വിഷയത്തിലും മറ്റു അഭിവൃദ്ധിക്കുവേണ്ടിയും അബ്ദുർറഹ്മാൻ മൗലവി ചരിത്രത്തിൽ തുല്യത കാണാത്ത ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ട്.

എം.സി.സി അബ്ദുർറഹ്മാൻ മൗലവിക്ക് മറ്റുള്ളവർക്കില്ലാത്ത പല ഗുണങ്ങളുമുണ്ടായിരുന്നു. (1) അഹങ്കാരം അദ്ദേഹത്തെ തീണ്ടിയിട്ടേ ഇല്ല. (2) സത്യത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ മറ്റുള്ളവരുടെ സൂത്രങ്ങൾ കണ്ടുപിടിക്കുവാൻ സാമർഥ്യമുള്ള ഒരു ധീര പോരാളിയായിരുന്നു അദ്ദേഹം. (3) ക്വുർആനും സുന്നത്തും നബി(സ്വ)യും അനുയായികളും പിന്നീട് അവരോടടുത്ത കാലക്കാരായ മഹാപണ്ഡിതന്മാരും എങ്ങനെ മനസ്സിലാക്കിയോ അതേപ്രകാരം പുതിയ വ്യാഖ്യാനങ്ങളൊന്നും ചേർക്കാതെ മനസ്സിലാക്കണമെന്നു നിഷ്ഠയുണ്ടായിരുന്നു. (4) പിഴച്ച കക്ഷികൾ പുതുതായി നിർമിച്ച തെറ്റായ വ്യാഖ്യാനങ്ങൾ സമുദായത്തിൽ പ്രചരിച്ചുപോകുന്നതിന്നു എല്ലാ മുൻകരുതൽ നടപടികളും എടുക്കുന്നതിൽ അദ്ദേഹത്തിനു അതിയായ ഉത്സാഹമുണ്ടായിരുന്നു. (5) എല്ലാവരുടെയും ഗുണകാംക്ഷിയായിരുന്നു. മറ്റുള്ളവരുടെ നന്മക്ക് വേണ്ടി അവർ ആവശ്യപ്പെടാതെ തന്നെ ശ്രമിക്കാറുണ്ടായിരുന്നു.

സ്മാരക ഗ്രന്ഥത്തിൽ കെ.എം. മൗലവിയുടെ ലേഖനത്തിൽ ഇങ്ങിനെ പറയുന്നു:

> **'കേരള അറബി പ്രചാരസഭ' എന്ന പേരിൽ എം.സി.സിയുടെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിച്ചിരുന്നു. ചില നിയമങ്ങൾ എഴുതി അതിന്റേതായ കമ്മിറ്റി അംഗീകരിക്കുകയും അതനുസരിച്ചു മെമ്പർമാരെ ചേർക്കുവാൻ ആരംഭിക്കുകയും ചെയ്തിരുന്നു. ഫത്‌വ കൊടുക്കുവാൻ തക്കവണ്ണം ക്വുർആനിലും സുന്നത്തിലും ഇസ്‌ലാമിക സംസ്കാരത്തിലും അറബി സാഹിത്യത്തിലും പ്രാപ്തി നേടിയ മഹാ പണ്ഡിതന്മാർക്ക് നേതൃത്വം നൽകാൻ വേണ്ടി കേരള ജംഇയ്യത്തുൽ ഉലമാ എന്ന പേരിൽ സംഘടിച്ചിട്ടുണ്ടല്ലോ. അത്രതന്നെ ഉയർന്നിട്ടില്ലെങ്കിലും ക്വുർആനും സുന്നത്തും അറബി സാഹിത്യവും ഗ്രഹിക്കുകയും അതിനനുസരിച്ച് ജീവിക്കുവാൻ തയ്യാറായിരിക്കുകയും ചെയ്യുന്ന രണ്ടാംകിടക്കാരെ സംഘടിപ്പിക്കുവാൻ വേണ്ടിയായിരുന്നു ആ സംഘടന രൂപീകരിച്ചത്. ഒന്നാം കിടക്കാർക്കും ഇതിൽ ചേരാവുന്നതാണ്.**

"ഇളകാത്ത മനക്കരുത്തിന്റെയും നിലക്കാത്ത കഠിനാദ്ധ്വാനത്തിന്റെയും പര്യായമായിരുന്നു അദ്ദേഹം. താൻ ഏറെടുക്കുന്ന ബാധ്യതകൾ നല്ലനിലക്ക് നിറവേറ്റുവാൻ അദ്ദേഹം സദാ ഉത്സുകനായിരുന്നു. പ്രശസ്തമായ നിലയിൽ നടന്നുവരുന്ന മദീനത്തുൽ ഉലൂം അറബി കോളേജിനെക്കുറിച്ചു ചിന്തിച്ചാൽ മതി പരേതന്റെ കഴിവുകൾ മനസ്സിലാക്കുവാൻ. അതിന്റെ ഭരണം നിയന്ത്രിക്കുവാനും വീണുപോകാതെ നിലനിർത്തുവാനും പരേതൻ ചെയ്ത ശ്രമങ്ങൾ വിവരണാതീതമാണ്. ക്വുർആനും സുന്നത്തും അനുശാസിക്കുന്ന വിധത്തിലുള്ള ഒരു ദീനീ സ്ഥാപനമായി അതിനെ ഉയർത്തിക്കൊണ്ടുവന്നത് പ്രധാനമായുംഅബ്ദുർറഹ്മാൻ മൗലവിയുടെ അദ്ധ്വാനമാണ്.

ആദർശസ്ഥിരതയും അഭിപ്രായ ദാർഢ്യവും സ്മര്യപുരുഷന്റെ ഒരു പ്രത്യേകതയായിരുന്നു. ഏതു കാര്യമാവട്ടെ, അദ്ദേഹം അതിനെ സംബന്ധിച്ച് ശരിയായ ഒരു മാർഗം കണ്ടെത്തും. അതിൽതന്നെ ഉറച്ചു നിൽക്കുകയും ചെയ്യും. എന്ത് ഭീഷണി ഉയർന്നാലും സാഹചര്യം എത്രതന്നെ പ്രതികൂലമായാലും അതിന്നു ഇളക്കമില്ല. അദ്ദേഹത്തിന്റെ തെളിഞ്ഞുകണ്ടിരുന്ന ഒരു പ്രധാന ഗുണമായിരുന്നു അത്. സത്യത്തിൽനിന്നും അണുവളവ് വ്യതിചലിക്കുകയോ തന്റെ അഭിപ്രായങ്ങളും ആദർശങ്ങളും മറ്റുള്ളവർക്ക് വേണ്ടി ബലിയർപ്പിക്കുകയോ ചെയ്ത സംഭവങ്ങൾ അബ്ദുർറഹ്മാൻ മൗലവിയുടെ ജീവിതത്തിൽ ഒരിക്കലും എനിക്ക് കാണുവാൻ കഴിഞ്ഞിട്ടില്ല. ഇങ്ങിനെ തന്റെ ആദർശങ്ങളെയും അഭിപ്രായങ്ങളെയും മുറുകെപിടിച്ചുകൊണ്ട് എല്ലാ എതിർപ്പുകളെയും നെഞ്ഞൂക്കോടെ നേരിട്ട ആദർശ പുരുഷന്മാർ വളരെ വിരളമാണ്."

സ്മാരക ഗ്രന്ഥത്തിൽ കെ.എം മൗലവിക്ക് പുറമെ കുട്ട്യാമു സാഹിബ്, ഇ.കെ മൗലവി തുടങ്ങിയ പല മാന്യന്മാരും എം.സി.സിയുടെ ഗുണങ്ങൾ പ്രകീർത്തിച്ചുകൊണ്ടെഴുതിയിട്ടുണ്ട്. ലേഖന ദൈർഘ്യം ഭയന്നാണ് അവയിൽ ചിലതെങ്കിലും ഉദ്ധരിക്കാത്തത്.

## അബ്ദുർറഹ്മാൻ മൗലവിയുടെ അഭിലാഷങ്ങൾ

ജ:അബ്ദുർറഹ്മാൻ മൗലവിയുടെ ശിഷ്യന്മാർ അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിന് അതീവ ശ്രദ്ധാലുക്കളാണ് എന്നത് സന്തോഷകരമായ ഒരു വസ്തുതയാണ്. മദീനത്തുൽ ഉലൂം അറബിക്കോളേജും യതീംഖാനയും തന്റെ പിൻഗാമികൾ എല്ലാ തുറകളിലും അഭിവൃദ്ധിപ്പെടുത്തുന്നത് കാണാം.

എന്നാൽ അദ്ദേഹത്തിന്റെ അഭിലാഷങ്ങളിൽ ശിഷ്യന്മാരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്തതോ അവർ അവഗണിച്ചതോ ആയ ഒരു വിഷയം എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തുവാൻ എനിക്ക് ഉത്സാഹമുണ്ട്.

'കേരള അറബി പ്രചാരസഭ' എന്ന പേരിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിച്ചിരുന്നു. ചില നിയമങ്ങൾ എഴുതി അതിന്റേതായ കമ്മിറ്റി അംഗീകരിക്കുകയും അതനുസരിച്ചു മെമ്പർമാരെ ചേർക്കുവാൻ ആരംഭിക്കുകയും ചെയ്തിരുന്നു. ഫത്‌വ കൊടുക്കുവാൻ തക്കവണ്ണം ക്വുർആനിലും സുന്നത്തിലും ഇസ്‌ലാമിക സംസ്കാരത്തിലും അറബി സാഹിത്യത്തിലും പ്രാപ്തി നേടിയ മഹാ പണ്ഡിതന്മാർക്ക് നേതൃത്വം നൽകാൻ വേണ്ടി കേരള ജംഇയ്യത്തുൽ ഉലമാ എന്ന പേരിൽ സംഘടിച്ചിട്ടുണ്ടല്ലോ. അത്രതന്നെ ഉയർന്നിട്ടില്ലെങ്കിലും ക്വുർആനും സുന്നത്തും അറബി സാഹിത്യവും ഗ്രഹിക്കുകയും അതിനനുസരിച്ച് ജീവിക്കുവാൻ തയ്യാറായിരിക്കുകയും



ചെയ്യുന്ന രണ്ടാംകിടക്കാരെ സംഘടിപ്പിക്കുവാൻ വേണ്ടിയായിരുന്നു ആ സംഘടന രൂപീകരിച്ചത്. ഒന്നാം കിടക്കാർക്കും ഇതിൽ ചേരാവുന്നതാണ്.

ആ സംഘത്തിന്റെ പേര് 'അറബി പ്രചാരസഭ' എന്നാണെങ്കിലും അറബി അറിയുന്ന എല്ലാവരെയും ചേർക്കുവാൻ വേണ്ടിയായിരുന്നില്ല അതു സ്ഥാപിച്ചത്.

ആദ്യം അറബിയിൽ ഒരു മാസിക പുറപ്പെടുവിക്കണമെന്ന ഉദ്ദേശത്തോടെ ചിലർ കൂടിയാലോചിക്കുകയും ചിന്തിക്കുകയും ആ വിവരം എം.സി അബ്ദുർറഹ്മാൻ മൗലവിയോട് പറയുകയും ചെയ്യുകയുണ്ടായി. മാസിക നടത്തുന്നതിന്നല്ല തിരക്കേണ്ടതെന്നും ആദ്യം വേണ്ടത് ഒരു സംഘടനയുണ്ടാക്കുന്നതാണെന്നും അദ്ദേഹം നിർദേശിച്ചു.

പ്രസ്തുത ആവശ്യത്തിനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി കോഴിക്കോട് ടൗൺഹാളിൽ ഒരു യോഗം വിളിച്ചുകൂട്ടുകയും ചെയ്തു.

യോഗത്തിന്റെ മുമ്പായി പട്ടാള പള്ളിയിൽവെച്ചു പ്രസിഡന്റ് അബ്ദുർറഹ്മാൻ മൗലവിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയുണ്ടായി. യോഗത്തിൽ പല അഭിപ്രായങ്ങളും പറയപ്പെട്ടുവെങ്കിലും അവസാനം പ്രസിഡന്റിന്റെ നിർദേശം എല്ലാവരും സ്വീകരിക്കുകയാണുണ്ടായത്.

അറബി അറിയുന്നവരെയെല്ലാം സംഘടിപ്പിക്കുകയെന്നതല്ല ആവശ്യം. അന്ധവിശ്വാസങ്ങളിൽനിന്നും പിഴച്ച പുത്തൻ അഭിപ്രായങ്ങളിൽനിന്നും രക്ഷപ്പെട്ടു ക്വുർആനും സുന്നത്തും പിൻപറ്റി സലഫിന്റെ വഴിയനുസരിക്കുന്ന ഒരു സംഘമാണ് ആവശ്യമെന്ന് അദ്ദേഹം നിർദേശിക്കുകയുണ്ടായി.

ഇപ്പോഴത്തെ മോഡേൺ ഏജും മറ്റും കാണുമ്പോൾ ഈ സംഘടനയുടെ ആവശ്യകത കൂടുതൽ ബോധ്യപ്പെടുന്നില്ലയോ?

ടൗൺഹാളിൽ യോഗം ചേർന്നപ്പോൾ ഈ ആദർശത്തിൽനിന്നു സംഘത്തെ വ്യതിചലിപ്പിക്കുവാനുള്ള പല ശ്രമങ്ങളും യോഗത്തിൽ പങ്കെടുത്ത പുത്തൻ കൂട്ടുകാർ നടത്തിയെങ്കിലും യോഗത്തിൽ ആധ്യക്ഷ്യം വഹിച്ച ഇ.കെ മൗലവിയുടെ നയതന്ത്രം കാരണം അഡ്ഹോക്ക് കമ്മിറ്റി നിശ്ചയിച്ച പ്രകാരം ജ: എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ നേതൃത്വത്തിൽ സംഘം രൂപീകരിക്കപ്പെടുകയുണ്ടായി.

അറബിഭാഷാ പ്രചരണത്തിന്നും ഇസ്‌ലാമിക പ്രചരണത്തിന്നുമുള്ള വഴി ആസൂത്രണം ചെയ്യുവാനും നിയമകരട് രൂപീകരിക്കുവാനും വേണ്ടി പ്രസ്തുത കമ്മിറ്റിയുടെയും ജനറൽ ബോഡിയുടെയും യോഗങ്ങൾ അബ്ദുർറഹ്മാൻ മൗലവിയുടെ ജീവിതകാലത്ത് അരീക്കോടും പുളിക്കലും തിരൂ

> **ഇളകാത്ത മനക്കരുത്തിന്റെയും നിലക്കാത്ത കഠിനാദ്ധ്വാനത്തിന്റെയും പര്യായമായിരുന്നു എം.സി.സി അബ്ദുർറഹ്മാൻ മൗലവി. താൻ ഏറ്റെടുക്കുന്ന ബാധ്യതകൾ നല്ലനിലക്ക് നിറവേറ്റുവാൻ അദ്ദേഹം സദാ ഉത്സുകനായിരുന്നു. പ്രശസ്തമായ നിലയിൽ നടന്നുവരുന്ന മദീനത്തുൽ ഉലൂം അറബി കോളേജിനെക്കുറിച്ചു ചിന്തിച്ചാൽ മതി പരേതന്റെ കഴിവുകൾ മനസ്സിലാക്കുവാൻ. അതിന്റെ ഭരണം നിയന്ത്രിക്കുവാനും വീണുപോകാതെ നിലനിർത്തുവാനും പരേതൻ ചെയ്ത ശ്രമങ്ങൾ വിവരണാതീതമാണ്. ക്വുർആനും സുന്നത്തും അനുശാസിക്കുന്നവിധത്തിലുള്ള ഒരു ദീനീ സ്ഥാപനമായി അതിനെ ഉയർത്തിക്കൊണ്ടുവന്നത് പ്രധാനമായും അബ്ദുർറഹ്മാൻ മൗലവിയുടെ അദ്ധ്വാനമാണ്.**

രങ്ങാടിയിലുമായി ചേർന്നെങ്കിലും, അദ്ദേഹത്തിന്റെ മരണത്തോടുകൂടി പ്രവർത്തനം സ്തംഭിച്ചിരിക്കയാണ്. പ്രസ്തുത സംഘത്തിന്റെ പുനർജീവനത്തിനും തദ്വാരാ എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ അഭിലാഷ പൂർത്തീകരണത്തിനുമായി ബന്ധപ്പെട്ട എല്ലാവരോടും അഭ്യർഥിക്കുന്നു.

ഇസ്‌ലാമിന്റെ നിലനിൽപിനു വേണ്ടിയും അല്ലാഹുവിന്റെ കലിമ ഉയർന്നിരിക്കുന്നതിന് വേണ്ടിയുമുള്ള ജിഹാദിൽ ആരുടെയും മുഖസ്തുതി വിലവെക്കാതെയും പഴഞ്ചനെന്നോ പിന്തിരിപ്പനെന്നോ ഉള്ള പരിഹാസ വാക്കുകളെ അവഗണിച്ചുകൊണ്ടും മുന്നോട്ടുനീങ്ങുന്ന ഒരു നേതൃത്വം ഇന്ന് മുസ്‌ലിം സമുദായത്തിന്നു അത്യന്താപേക്ഷിതമായിരിക്കുന്നു. കെ.എം മൗലവിയെ പോലെയും എം.സി.സിയെ പോലെയുമുള്ള മഹാവ്യക്തികൾ നഷ്ടപ്പെട്ട വിടവ് നികത്തുവാൻ അല്ലാഹു സഹായിക്കട്ടെ. പരലോകത്തിൽ അവന്റെ മുമ്പാകെ ഹാജരാക്കപ്പെടുമ്പോൾ അവന്റെ തൃപ്തി സമ്പാദിക്കുന്നവരിൽ അവൻ നമ്മെ ഉൾപ്പെടുത്തട്ടെ. (ആമീൻ)



# നിയമപാലകർ നില മറക്കുന്നുവോ?

> കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ശക്തമായ നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പൗരാവകാശം ലംഘിക്കുന്ന രൂപത്തിലേക്ക് നിയന്ത്രണങ്ങൾ മാറിപ്പോകുന്ന വാർത്തകളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. നിയന്ത്രണങ്ങൾ നിയമപാലകർക്കുമാവാം എന്ന് പറയാതിരിക്കാനാവില്ല.

കവർ സ്റ്റോറി

നബീൽ പയ്യോളി
nabeelpayyoly@gmail.com

**കോ**വിഡ് മാനദണ്ഡങ്ങളുടെ പേരിൽ രണ്ടാം ലോക് ഡൗണിൽ മാത്രം സംസ്ഥാനത്ത് പോലീസ് പിഴയായി പിരിച്ചെടുത്തത് 12 കോടിയോളം രൂപയാണ്. 17.75 ലക്ഷം പേർക്കെതിരെയാണ് ഈ കാലയളവിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നും കണക്കുകൾ വ്യക്തമാക്കുന്നു. ജനങ്ങൾ ജീവിക്കാൻ വകയില്ലാതെ നട്ടം തിരിയുമ്പോഴാണ് ഈ പിടിച്ചുപറി എന്നതാണ് പോലീസ് നടപടികളുടെ നീതിരാഹിത്യത്തിന്റെ ആഴം വർധിപ്പിക്കുന്നത്. പിഴ ചുമത്തുന്നത്

മഹാ അപരാധം എന്ന മട്ടിൽ കാണരുതെന്നും പോലീസ് ചെയ്യുന്നത് ഏൽപിച്ച ചുമതല മാത്രമാണ് എന്നാണ് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞത്. അട്ടപ്പാടി ഷോളയൂരിൽ ആദിവാസി മൂപ്പനെയും മകനെയും അറസ്റ്റ് ചെയ്ത സംഭവത്തിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. കള്ളക്കടത്തും ദുരൂഹ മരണങ്ങളും ക്വട്ടേഷൻ അക്രമ സംഭവങ്ങളുമൊക്കെ നാടുനീളെ അരങ്ങേറുമ്പോഴാണ് പൊലീസിന്റെ ഈ 'നീതിപാലനം' എന്ന് പറയാതെവയ്യ.

"എനിക്കുവേണ്ടി സംസാരിച്ചതുകൊണ്ടാണ് ഈ മോൾക്ക് ഇങ്ങനെയൊരു അവസ്ഥയുണ്ടായത്. മോൾക്കുവേണ്ടി എവിടെ വന്നും സത്യം വിളിച്ചുപറയാൻ ഞാൻ തയ്യാറാണ്"-കൂലിത്തൊഴിലാളിയായ ഇളമ്പഴന്നൂർ ഊന്നൻപാറ പോരൻകോട് മേലതിൽ വീട്ടിൽ എം. ശിഹാബുദ്ദീൻ എന്ന വയോധികന്റെഈ വാക്കുകൾ കേട്ട് നെഞ്ച് പിടഞ്ഞിട്ടുണ്ടാകും; മനഃസാക്ഷി മരവിച്ചിട്ടില്ലാത്ത ഏതൊരു മലയാളിയുടെയും. കൊല്ലം ചടയമംഗലം ജംക്ഷനിലുള്ള ഇന്ത്യൻ ബാങ്കിനു മുന്നിൽ പണമെടുക്കാനായി ക്യൂ നിന്ന ശിഹാബുദ്ദീൻ കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ചു എന്നു പറഞ്ഞ് 500 രൂപ പിഴ ചുമത്തിയ പോലീസിന്റെ ചെയ്തിയെ ചോദ്യം ചെയ്ത ഗൗരിനന്ദ എന്ന വിദ്യാർഥിനിയോടാണ് ശിഹാബുദ്ദീൻ ഇങ്ങനെ പറഞ്ഞത്.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാണ് താൻ ക്യൂവിൽ നിന്നതെന്നും പിഴചുമത്തിയത് അനീതിയാണെന്നും ആ വൃദ്ധൻ പറയുന്നത് കേൾക്കാൻ പോലും തയ്യാറാകാത്ത പോലീസുകാർക്കെതിരെ പ്രതികരിച്ച ഗൗരിനന്ദ എന്ന കൗമാരക്കാരിയെ കേരളം മുഴുവൻ പിന്തുണച്ചത് പോലീസ് അതിക്രമങ്ങളുടെ ധാരാളം അനുഭവങ്ങൾ മലയാളി മനസ്സിലുള്ളതുകൊണ്ടാണ്. 'നിയമപാലകർ' എന്നാണ് പോലീസുകാരെ നാം മലയാളികൾ വിശേഷിപ്പിക്കാറുള്ളത്. നിയമങ്ങൾ സ്വയം പാലിക്കുകയും മറ്റുള്ളവർ അത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് പോലീസിന്റെ ഉത്തരവാദിത്തം. എന്നാൽ നിയമപാലനം എന്ന പേരിൽ ജനങ്ങളുടെമേൽ അമിതാധികാര പ്രയോഗം നടത്തുന്നതിൽ കുപ്രസിദ്ധിനേടിയവരാണ് കേരളപോലീസിലെ പല 'സാറന്മാരും.

കൊല്ലം ചടയമംഗലത്തെ പോലീസ് നടപടിയെ ചോദ്യം ചെയ്ത ചടയമംഗലം സ്വദേശി ഗൗരിക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത പോലീസ് ജനങ്ങളുടെ പ്രതിഷേധം ശക്തമായപ്പോൾ ജാമ്യം ലഭിക്കാവുന്ന കേരള പൊലീസ് ആക്ട് 117(ഇ) പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തത്. ഗൗരിനന്ദയുടെ നിലപാടിനെ കേരളം മുഴുവൻ പിന്തുണക്കാനുള്ള സാഹചര്യം നിയമപാലകരിൽ ചിലർ സ്വന്തം നിലമറക്കുന്നത് തന്നെയാണ്. ലോകം മുഴുവൻ വലിയ പ്രതിസന്ധി സമ്മാനിച്ച ഈ മഹാമരിക്കാലത്ത് ജനങ്ങൾ വലിയ മാനസിക സമ്മർദത്തിലാണ്; പ്രത്യേകിച്ച് സാധാരണക്കാർ. ഏതാണ്ട് രണ്ട് വർഷമാകുന്നു കോവിഡ് മഹാമാരി സാധാരണ ജനജീവിതത്തിൽ കരിനിഴൽ വീഴ്ത്താൻ തുടങ്ങിയിട്ട്. വീടുവിട്ടിറങ്ങാനാവാത്തവിധം കെട്ടിയിടപ്പെട്ട സാധാരണ ജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക, ശാരീരിക പ്രതിസന്ധിയെക്കാൾ ഇതെല്ലം തീർത്ത മാനസിക പ്രയാസങ്ങളുടെ ആഴം ഊഹിക്കാവുന്നതിനും അപ്പുറമാണ്. നിയമം പാലിക്കപ്പെടേണ്ടതുതന്നെയാണ്. നിയമം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് പോലീസുകാരുടെകടമയുമാണ്. എന്നാൽ സാഹചര്യങ്ങൾക്കൊത്ത് ഉയർന്ന് ചിന്തിക്കുവാനും ജനങ്ങളോട് വിവേകപൂർവം ഇടപെടാനും പോലീസുകാർ തയ്യാറാവേണ്ടതുണ്ട്.

> **അന്നന്നത്തെ അന്നത്തിനുവേണ്ടി ചെറുകിട വ്യാപാര സ്ഥാപനങ്ങൾ തുറന്നാൽ നിയമലംഘനമുണ്ടോയെന്ന് ബൈനോക്കുലർ വെച്ച് നോക്കുന്നവർ, ഡ്രോണുകൾ പറത്തി പ്രോട്ടോക്കോൾ ലംഘനം നിരീക്ഷിക്കുന്നവർ തങ്ങളുടെ മുമ്പിൽ ഉന്നതസ്ഥാനീയർ കാണിക്കുന്ന നിയമലംഘനങ്ങൾക്ക് സുരക്ഷയൊരുക്കുന്നത് തികഞ്ഞ വിവേചനമാണ്. ഏതാനും മാസങ്ങൾക്ക് മുമ്പാണ് ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ ഉദ്ഘാടന ചട്ടങ്ങളിൽ മുൻ പോലീസ് മേധാവിയും നിരവധി പോലീസുകാരും മാസ്ക് പോലും ധരിക്കാതെ ചേർന്നിരിക്കുന്ന ചിത്രം കേരളം മുഴുവൻ കണ്ടത്. അതിനെക്കുറിച്ച് മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ വാർത്താസമ്മേളനം നടത്തുമ്പോൾ ഞാൻ മാസ്ക് ധരിക്കാത്ത പോലെയല്ലേ അതെന്ന് ന്യായീകരിക്കുകയാണ് ചെയ്തത്.**

> നമ്മുടെ പോലീസ് സംവിധാനം ഇന്നും പുലർത്തിപ്പോരുന്നത് ബ്രിട്ടീഷ് മുറകളാണ്. രാജ്യം ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് മോചിതമായി പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവരുടെ അപരിഷ്‌കൃത രീതികൾ ഇന്നും നമ്മൾ തുടരുന്നു എന്നത് അപമാനകരമാണ്. ലോകം പുരോഗതിയുടെ ചിറകിലേറി മുന്നേറുമ്പോൾ സാധാരണക്കാരന് നേരെ അധികാരപ്രയോഗം നടത്തുന്ന ഭരണ രീതികൾ ഒട്ടും ഭൂഷണമല്ല. ജനങ്ങളെ അടിമകളായിക്കാണുന്ന, രണ്ടാംതരം പൗരന്മാരായി നേരിടുന്ന സമീപനം വിദ്യാസമ്പന്നരായ മലയാളികൾക്ക് അപമാനമാണ്.

പശുവിന് പുല്ലരിയാൻ പോയ കാസർഗോട്ടെ നാരായണേട്ടന് 2000 രൂപ പിഴ! ഡി കാറ്റഗറിയുള്ളിടത്ത് മത്സ്യവിൽപന നടത്തിയെന്ന കുറ്റത്തിന് കൊല്ലം പാരിപ്പള്ളിയിൽ വൃദ്ധയ്ക്ക് പിഴ മാത്രമല്ല; അവരുടെ പതിനാറായിരം രൂപയുടെ മത്സ്യം വലിച്ചെറിഞ്ഞ് നശിപ്പിക്കുകയും ചെയ്തു. കാറിൽ ഒറ്റക്ക് സഞ്ചരിക്കുമ്പോൾ മാസ്‌ക് ധരിക്കാത്തതിന് പിഴയടക്കേണ്ടിവന്ന മധ്യവയസ്‌കൻ... മലപ്പുറം മഞ്ചേരി സ്വദേശി റിയാസ് ചെങ്കൽ ലോറി നിരത്തിലിറക്കിയതിന് പോലീസ് ചുമത്തിയ പിഴയടച്ച 150ൽപരം രശീതികൾ മാലയാക്കിയണിഞ്ഞു പ്രതിഷേധിച്ചതും നമ്മൾ കണ്ടു. ഇങ്ങനെയുള്ള നിരവധി വാർത്തകളാണ് ഈയിടെ പുറത്തുവന്നിട്ടുള്ളത്. ഇതിൽ ഗൗരവതരമായി കാണേണ്ട കാര്യം ഇത്തരം കാർക്കശ്യപ്രകടനം സാധാരണക്കാർക്കുനേരെ മാത്രമേയുള്ളൂ എന്നതാണ്. സർക്കാരിന് കൊള്ളലാഭമുണ്ടാക്കിക്കൊടുക്കുന്ന മദ്യവിൽപന ശാലകൾക്ക് മുമ്പിൽ കാണുന്ന ആൾക്കൂട്ടവും ബഹളവും കണ്ട് ഉത്തരവാദിത്തബോധം ഉണരാത്ത പോലീസുകാരാണ് അത്യാവശ്യങ്ങൾക്കായി പുറത്തിറങ്ങുന്ന സാധാരണക്കാർക്കെതിരെ വാളോങ്ങുന്നത്. സർക്കാർ നൽകുന്ന ഇളവനുസരിച്ച് ചെറുകിടസ്ഥാപനങ്ങൾ തുറക്കുമ്പോൾ അവർക്ക് പിഴചുമത്താൻ വ്യഗ്രത കാണിക്കുകയാണ് ചില പോലീസുകാർ. സ്ഥാപനം തുറക്കുന്നത് പോലീസിന് പിഴയടക്കാനാണോ എന്ന് പോലും കരുതിപ്പോകുന്ന വിധമാണ് സേനയിലെ ചിലരുടെ ഇടപെടലുകൾ. സർക്കാർ നിർദേശങ്ങൾ പരമാവധി പാലിക്കാൻ ശ്രമിക്കുന്നവർക്ക് നേരെയാണ് ഈ ശിക്ഷാനടപടികൾ എന്നതാണ് ശ്രദ്ധേയം.

നിയമപാലനത്തിലെ ആത്മാർഥതകൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത് എന്ന് ന്യായംപറയുന്ന പോലീസുകാർതന്നെ തങ്ങൾക്ക് ചുറ്റും നടക്കുന്ന മറ്റുചില നിയമലംഘനങ്ങൾ കാണാതെ പോകുന്നതെന്ത്? കേരളത്തിലുടനീളം മദ്യശാലകൾക്ക് മുമ്പിലുള്ള ക്യൂ തന്നെ ഏറ്റവും വലിയ പ്രത്യക്ഷ നിയമലംഘനത്തിന്റെ അടയാളം. എല്ലാ ദിവസവും ഈ അവസ്ഥതന്നെയാണെന്ന് അറിയാത്തവരല്ലല്ലോ പോലീസ് ഉദ്യോഗസ്ഥർ. വാക്‌സിൻ വിതരണകേന്ദ്രങ്ങളിൽ നടക്കുന്ന ബഹളവും തിക്കും തിരക്കും നോക്കിനിൽക്കുന്ന നിയമപാലകർ സർക്കാർ സംവിധാനത്തിന്റെ വീഴ്ചയ്ക്ക് മുമ്പിൽ കണ്ണടയ്ക്കുകയാണ്. കെ.എസ്.ആർ.ടി.സി ബസ്സുകളും ഇതുപോലെത്തന്നെ പ്രോട്ടോക്കോൾ ലംഘനങ്ങൾ നടക്കുന്ന ഇടമാണ്. എന്തിനേറെ, കേരളത്തിന്റെ മന്ത്രിമാരും മറ്റും പങ്കെടുക്കുന്ന സന്ദർശനങ്ങളും ഉദ്ഘാടനവും യോഗങ്ങളുമടക്കം നടക്കുമ്പോഴുള്ള പ്രോട്ടോക്കോൾ ലംഘനങ്ങൾക്കുനേരെ അന്ധത നടിക്കുന്ന നിയമപാലകർ സാധാരണക്കാർക്കെതിരെ തിരിയുന്നത് തികച്ചും പ്രതിഷേധാർഹമാണ്. ഈ സ്ഥലങ്ങളിലെല്ലാം ആർക്ക് പിഴയിടും? സർക്കാരാണ് പ്രതി എന്നതുകൊണ്ട് തന്നെയാണ് നിയമലംഘനങ്ങളെ പ്രോത്സാഹിപ്പിക്കുന്നവിധം ഇത്തരം ഇടങ്ങളെ പോലീസ് മനഃപൂർവം കാണാത്തതുപോലെ നടിക്കുന്നത്. കോവിഡ് ഒരു ആരോഗ്യപ്രശ്‌നമാണ്, അത് ക്രമസമാധാന പ്രശ്‌നമല്ല എന്നത് അവർ പലപ്പോഴും മറന്നുപോവുകയും ചെയ്യുന്നു. നാട്ടിൽ നിയമം അനുസരിക്കാൻ എല്ലാവരും ഒരുപോലെ ബാധ്യസ്ഥരാണ്. അവിടെ ജനങ്ങളെന്നോ ജനപ്രതിനിധികളെന്നോ അധികാരികളെന്നോ ഉദ്യോഗസ്ഥരെന്നോ ഉള്ള വിവേചനം ഒരിക്കലും അംഗീകരിക്കാവതല്ല.

അന്നന്നത്തെ അന്നത്തിനുവേണ്ടി ചെറുകിട വ്യാപാര സ്ഥാപനങ്ങൾ തുറന്നാൽ നിയമലംഘനമുണ്ടോയെന്ന് ബൈനോക്കുലർ വെച്ച് നോക്കുന്നവർ, ഡ്രോണുകൾ പറത്തി പ്രോട്ടോക്കോൾ ലംഘനം നിരീക്ഷിക്കുന്നവർ തങ്ങളുടെ മുമ്പിൽ ഉന്നത സ്ഥാനീയർ കാണിക്കുന്ന നിയമലംഘനങ്ങൾക്ക് സുരക്ഷയൊരുക്കുന്നത് തികഞ്ഞ വിവേചനമാണ്. ഏതാനും മാസങ്ങൾക്ക് മുമ്പാണ് ഗുരുവായൂർ ടെമ്പിൾ പോലീസ് സ്‌റ്റേഷൻ ഉദ്ഘാടന ചട്ടങ്ങളിൽ മുൻ പോലീസ് മേധാവിയും നിരവധി പോലീസു

കാരും മാസ്ക്പോലും ധരിക്കാതെ ചേർന്നിരിക്കുന്ന ചിത്രം കേരളം മുഴുവൻ കണ്ടത്. അതിനെക്കുറിച്ച് മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ വാർത്താസമ്മേളനം നടത്തുമ്പോൾ ഞാൻ മാസ്ക് ധരിക്കാത്ത പോലെയല്ലേ അതെന്ന് ന്യായീകരിക്കുകയാണ് ചെയ്തത്. നിയമനിർമാണത്തിന്റെ ഉത്തരവാദിത്തമുള്ള ജനപ്രതിനിധികളും അത് നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥരും നിയമലംഘനങ്ങൾ നിർബാധം തുടരുമ്പോൾ സാധാരണക്കാരൻ മാത്രം ഇതെല്ലാം സഹിച്ചുകൊള്ളണമെന്ന് പറയുന്നതിൽ എന്ത് ന്യായം? മാതൃകയാകേണ്ടവർ കാണിക്കുന്ന ഇത്തരം നിരുത്തരവാദ സമീപനങ്ങൾ ജനങ്ങൾക്ക് നിയമവാഴ്ചയിലുള്ള വിശ്വാസം തകർക്കുകയും നിയമലംഘനത്തിന് പ്രേരകമാവുകയും ചെയ്യും എന്ന തിരിച്ചറിവ് ഇനിയെങ്കിലും ഭരണകൂടത്തിനും ഉദ്യോഗസ്ഥർക്കും ഉണ്ടായേ മതിയാവൂ. നിയമനിർമാതാക്കൾ നിയമലംഘകരായി മാറരുത്.

### മാറ്റം അനിവാര്യമാണ്

നമ്മുടെ പോലീസ് സംവിധാനം ഇന്നും പുലർത്തിപ്പോരുന്നത് ബ്രിട്ടീഷ് മുറകളാണ്. രാജ്യം ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് മോചിതമായി പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവരുടെ അപരിഷ്കൃത രീതികൾ ഇന്നും നമ്മൾ തുടരുന്നു എന്നത് അപമാനകരമാണ്. ലോകം പുരോഗതിയുടെ ചിറകിലേറി മുന്നേറുമ്പോൾ സാധാരണക്കാരന് നേരെ അധികാരപ്രയോഗം നടത്തുന്ന ഭരണരീതികൾ ഒട്ടും ഭൂഷണമല്ല. ജനങ്ങളെ അടിമകളായിക്കാണുന്ന, രണ്ടാംതരം പൗരന്മാരായി നേരിടുന്ന സമീപനം വിദ്യാസമ്പന്നരായ മലയാളികൾക്ക് അപമാനമാണ്. ഇതിന് മാറ്റം വന്നേ മതിയാകൂ. ജനമൈത്രി പോലീസ് എന്ന പേരിൽ പോലീസിനെ ജനകീയമാക്കാൻ ശ്രമങ്ങൾ തുടങ്ങിയിട്ട് കാലമേറെയായിട്ടും ഇടയ്ക്കിടക്ക് പുറത്ത് ചാടുന്ന ഇത്തരം സമീപനങ്ങളെ തടയാനാവാത്തത് എന്തുകൊണ്ടെന്നത് ഗൗരവതരമായി ആലോചിക്കുകയും പ്രായോഗിക പരിഹാരം കാണേണ്ടതുമായ കാര്യമാണ്.



ജനസേവകർ എന്ന നിലയിൽ പോലീസും സർക്കാരും ജനങ്ങളുടെ ആവശ്യങ്ങൾ കേൾക്കുകയും അവർക്ക് സേവനങ്ങൾ ലഭ്യമാക്കുകയുമാണ് ചെയ്യേണ്ടത്. അധികാരപ്രയോഗങ്ങൾ വിപരീത ഫലമുണ്ടാക്കാനേ വഴിവെക്കൂ. അതാണ് പലപ്പോഴും പോലീസിനുനേരെ കയ്യോങ്ങാൻ സാധാരണക്കാരെ പ്രേരിപ്പിക്കുന്നത്. മാന്യമായ പെരുമാറ്റവും ഹൃദ്യമായ ഇടപെടലുകളും സാധ്യമാകുന്ന ഇടങ്ങളിലേ ആരോഗ്യകരമായ സംവിധാനങ്ങൾ നിലനിൽക്കുകയുള്ളൂ. ബലം പ്രയോഗിച്ച് കാര്യങ്ങൾ നേടാം എന്നത് ഇന്നിന്റെ കാലത്ത് മൗഢ്യമാണ്. അനീതിക്കെതിരെ സധൈര്യം പ്രതികരിക്കാൻ കെൽപുള്ളവരാണ് ജനങ്ങൾ. സാമൂഹ്യമാധ്യമങ്ങൾ വ്യാപകമായ ഇക്കാലത്ത് ജനങ്ങളുടെ അഭിപ്രായങ്ങൾക്കും പ്രതികരണങ്ങൾക്കും വലിയ പ്രതിഫലനങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് സർക്കാരും നിയമപാലകരും മറന്നു പോകരുത്. പൗരന്മാർക്ക് നേരെയുള്ള അനീതിയും അക്രമവും റെക്കോഡഡ് ആയും ലൈവ് ആയുമൊക്കെ ആയിരങ്ങൾ കാണുന്ന, നിമിഷനേരംകൊണ്ട് നാടുനീളെ പ്രചരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. അതിനാൽ തന്നെ നീതി നിഷേധിക്കപ്പെടുന്നവൻ ഒറ്റക്കല്ലെന്നും അത് കാണുന്നവർ പ്രകടിപ്പിക്കുന്ന പ്രതിഷേധം ഒരു സമൂഹത്തിന്റെ തന്നെ വികാരപ്രകടനമാണെന്നുമുള്ള തിരിച്ചറിവ് നിയമപാലകർക്ക് ഉണ്ടെങ്കിലേ സമൂഹത്തിൽനിന്ന് ലഭിക്കുന്ന ആദരവും ബഹുമാനവും പരിഗണനയും നിലനിൽക്കുകയുള്ളൂ. അത് കളഞ്ഞുകുളിക്കുന്ന ഒരു പ്രവർത്തനവും ചെയ്യരുത്.

വിദേശ രാജ്യങ്ങളിൽ നിലനിൽക്കുന്ന പോലീസ് സംവിധാനങ്ങൾ ജനങ്ങൾക്ക് പ്രതീക്ഷയും ആശ്വാസവും നൽകുന്നതാണ് എന്നത് അനുഭവങ്ങൾ നമുക്ക് തരുന്ന തിരിച്ചറിവാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ ചേർത്തുനിർത്താനും ധൈര്യവും ആശ്വാസവും പകരാനും അവർ കാണിക്കുന്ന സന്മനസ്സ് എന്തുകൊണ്ട് കേരളത്തിലെ നിയമപാലകർക്ക് ഇല്ലാതെ പോകുന്നു? മുൻ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ കേരളത്തിലെ പോലീസിനെ ദുബായ് പോലീസ് സേനയുടെ മാതൃകയിൽ മാറ്റിയെടുക്കും എന്ന് പ്രഖ്യാപിച്ചിട്ട് വർഷങ്ങളേറെ കഴിഞ്ഞു. എന്നാൽ ഇന്നുമവർ ബ്രിട്ടീഷ് പട്ടാളത്തിന്റെ പാതയാണ് പിന്തുടരുന്നത്. കസ്റ്റഡി മരണങ്ങൾ, കൈക്കൂലിയും പരുഷമായ പെരുമാറ്റവും കയ്യേറ്റവും...ഇതൊക്കെ ഇന്നും പോലീസ് സേനയുടെ മുഖത്തെ വികൃതമാക്കിക്കൊണ്ടിരിക്കുന്നു.

പോലീസ് സേനയിൽ സെലക്ഷൻ കിട്ടിയശേഷമുള്ള കഠിനമായ പരിശീലനവും ഉന്നത ഉദ്യോഗസ്ഥരുടെ ക്രൂരമായ പെരുമാറ്റവും അനാവശ്യ പ്രോട്ടോകോളുകളും തീർക്കുന്ന സമ്മർദങ്ങളും തിക്താനുഭവങ്ങളും ഒരു പരിധിവരെ പോലീസുകാരുടെ മനുഷ്യത്വം മരവിപ്പിക്കാനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. ഇതിലൊക്കെ സമൂലമായ മാറ്റം വരുത്താനുള്ള സമയം അതിക്രമിച്ചെന്ന് ഭരണകൂടം മനസ്സിലാക്കുകയും പരിഷ്കരണ നടപടികൾക്ക് തയ്യാറാവുകയും ചെയ്യേണ്ടതുണ്ട്.

സൈക്കോളജി, പേഴ്സണാലിറ്റി ഡവലപ്പ്മെൻറ് തുടങ്ങിയ മേഖലയിലുള്ള വിദഗ്ധരും അനുഭവസമ്പന്നരുമായ ഒട്ടേറെയാളുകൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെയെല്ലാം സേവനങ്ങൾ ഇത്തരം പരിശീലന ഘട്ടങ്ങളിൽ അനിവാര്യമായും ലഭ്യമാക്കേണ്ടതുണ്ട്.

ഉയർന്ന ഉദ്യോഗസ്ഥരെ സല്യൂട്ട് അടിക്കേണ്ട കീഴുദ്യോഗസ്ഥരെ ഹരാസ് ചെയ്യുന്ന പ്രവണത പലപ്പോഴും പോലീസ് സേനയിൽ ഉണ്ടാവാറുണ്ട്. ചില പോലീസുകാർ മാനസിക സമ്മർദത്താൽ ആത്മഹത്യ ചെയ്തതും ബോധരഹിതരായതും നാട് വിട്ടതുമൊക്കെ പലപ്പോഴും വാർത്തകളിൽ ഇടംപിടിച്ചത് നാം കണ്ടിട്ടുണ്ട്. മനുഷ്യത്വം അന്യംനിൽക്കുന്ന ഇടങ്ങളായി പോലീസ് സേന മാറരുത്. അത് പരിഹരിക്കപ്പെടേണ്ട ഗുരുതരമായ പ്രശ്നം തന്നെയാണ്. സഹപ്രവർത്തകരും മനുഷ്യരാണെന്നും അവർക്കും വികാരവിചാരങ്ങളുണ്ടെന്നും അവരും നമ്മെപ്പോലെ വ്യക്തിത്വം ഉള്ളവരാണവരെന്നും ആരുടെയും അഭിമാനത്തിന് ക്ഷതമേൽപിക്കാൻ മറ്റൊരാൾക്ക് അവകാശമില്ലെന്നും ഒക്കെയുള്ള അടിസ്ഥാനപരമായ മാനവിക മൂല്യങ്ങളാണ് പദവികളുടെ പിൻബലത്തിൽ പലപ്പോഴും ചവിട്ടിമെതിക്കപ്പെടുന്നത്. ബഹുമാനവും പരിഗണനയും ഒക്കെ ഭയപ്പെടുത്തി വാങ്ങേണ്ട ഒന്നല്ല. സ്വാഭാവികമായി ലഭിക്കേണ്ടതാണ്. തന്നെ പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവവർക്ക് മാത്രമെ തിരിച്ചും അത് നൽകേണ്ടതുള്ളൂ എന്നത് മാനുഷികമായ ഒരു വികാരമാണ്. അതിനപ്പുറം ബലപ്രയോഗത്തിലൂടെ അത് നേടിയെടുക്കുന്നത് അപക്വമാണ്; അവിവേകവും.

ജനങ്ങളെ സേവിക്കാനാണ് സർക്കാർ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും എന്ന കാര്യം മറന്നുകൂടാ.സർക്കാരും സർക്കാർ ഉദ്യോഗസ്ഥരും ജനങ്ങൾ ഏൽപിച്ച ഉത്തരവാദിത്തം നിർവഹിക്കേണ്ടവരാണ്. അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും ചെയ്യുക എന്ന ബാധ്യത നിർവഹിക്കാൻ പ്രതിജ്ഞാബദ്ധരാണവർ. കേരളത്തിൽ കോവിഡ് വ്യാപനത്തിൽ ഇക്കഴിഞ്ഞ ഇലക്ഷന് വലിയ പങ്കുണ്ടെന്നത് ആർക്കും നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. നിയമസഭാ ഇ



ലക്ഷൻ കഴിഞ്ഞയുടനെ മുഖ്യമന്ത്രിക്കും ഭരണ, പ്രതിപക്ഷ പാർട്ടി നേതാക്കളിൽ പലർക്കും കോവിഡ് സ്ഥിരീകരിച്ചത് ഇതിനുള്ള തെളിവാണ്.

രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും നാടുനീളെ നിർബാധം സഞ്ചരിക്കുമ്പോഴും വീട്ടിനകത്ത് കെട്ടിയിടപ്പെട്ടിരിക്കുകയാണ് സാധാരണക്കാർ. സർക്കാരിന്റെ നാമമാത്ര സഹായംകൊണ്ട് ജനങ്ങൾക്ക് ജീവിക്കാൻ സാധ്യമല്ലെന്നും അവർ പട്ടിണിയിലാണെന്നും മുൻ ആരോഗ്യമന്ത്രിതന്നെ വിളിച്ചുപറയുന്നിടത്തേക്ക് കാര്യങ്ങൾ എത്തിനിൽക്കുന്നു. സർക്കാർ ക്രിയാത്മകമായ നടപടികളിലേക്ക് കടക്കുന്നു എന്ന സൂചന ശുഭകരമാണ്. ഘട്ടം ഘട്ടമായി കോവിഡിനോട് ഇഴുകിച്ചേർന്നു ജീവിക്കാനുള്ള സാഹചര്യമാണ് ഉണ്ടാവേണ്ടത്. അടച്ചിടലും ഒളിച്ചോട്ടവുമൊന്നും പരിഹാരമല്ല. സമ്പൂർണ വാക്സിനേഷൻ നടപ്പിലാക്കി സാധാരണ ജീവിതത്തിലേക്ക് നമ്മുടെ നാട് തിരിച്ചെത്തേണ്ട സമയം അതിക്രമിച്ചു.

കോവിഡ് ലോകം മുഴുവൻ വ്യാപിച്ച മഹാമാരിയാണ്. നാട് ഭരിക്കുന്നവർ ലോകത്തേക്ക് കണ്ണോടിക്കുകയും പ്രതിരോധപ്രവർത്തനങ്ങളിൽ മാതൃകാപരമായ ഇടപെടൽ നടത്തിയ ഇടങ്ങളിൽനിന്ന് മാതൃകകൾ സ്വീകരിച്ച് നാടിനെ കരകയറ്റുകയുമാണ് വേണ്ടത്. ഞാൻ ജോലിചെയ്യുന്ന സുഊദി അറേബ്യ ഈ രംഗത്ത് ലോകത്തിനുതന്നെ മാതൃകയാകും വിധം പ്രവർത്തിച്ച ഒരു രാജ്യമാണ്. കേരളത്തിലെ ജനസംഖ്യയോളം മാത്രം ജനങ്ങളുള്ള രാജ്യം. സമ്പൂർണ ലോക്ഡൗൺ ആകെ രണ്ടാഴ്ച മാത്രമാണ് ഈ രാജ്യം നടത്തിയത്. പിന്നീടങ്ങോട്ട് രാജ്യത്തെ തൊലിഴിലിടങ്ങളും വ്യാപാര, വ്യവസായ കേന്ദ്രങ്ങളും തുറന്നുകൊടുത്തു. എല്ലാവരും ഉത്തരവാദികളാണ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ജനങ്ങളെ ചേർത്തുപിടിച്ചാണ് സർക്കാർ പ്രതിരോധപ്രവർത്തനങ്ങൾ നടത്തിയത്. അടച്ചിടൽ ഉണ്ടാക്കാവുന്ന തൊഴിൽ, സാമ്പത്തിക നഷ്ടങ്ങൾ മുന്നിൽ കണ്ട് പരമാവധി പ്രവർത്തിക്കാൻ അനുവദിച്ചു. പ്രതിരോധ വാക്സിൻ ലഭ്യമായത് മുതൽ അത് ഉദ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽനിന്നും വാങ്ങി ജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്തു. രണ്ട് ഡോസ് വാക്സിൻ എടുത്ത് പ്രതിരോധ ശേഷി നേടിയ സുഊദി പൗരന്മാർക്ക് കോവിഡ് വ്യാപനം രൂക്ഷമല്ലാത്ത രാജ്യങ്ങളിലേക്ക് യാത്രചെയ്യാൻ അനുമതി നൽകി. മാളുകളിലും പാർക്കുകളിലും അടക്കം ജനങ്ങൾ കൂടുന്ന ഇടങ്ങളിൽ മൊബൈൽ വാസ്കിനേഷൻ സെന്റർ വഴി പരമാവധി ആളുകൾക്ക് വാക്സിൻ വിതരണം ചെയ്തു. നിയമലംഘകർക്കുവരെ ചികിത്സയും വാക്സിനേഷനും സൗജന്യമായി നൽകാൻ ഭരണകൂടം തയ്യാറായി എന്നത് എടുത്തുപറയേണ്ടതാണ്.

നമ്മുടെ നാട്ടിൽ ആൾക്കൂട്ടത്തിന്റെ പേരിൽ

“ നാട് ഭരിക്കുന്നവർ ലോകത്തേക്ക് കണ്ണോടിക്കുകയും പ്രതിരോധപ്രവർത്തനങ്ങളിൽ മാതൃകാപരമായ ഇടപെടൽ നടത്തിയ ഇടങ്ങളിൽനിന്ന് മാതൃകകൾ സ്വീകരിച്ച് നാടിനെ കരകയറ്റുകയുമാണ് വേണ്ടത്. ഞാൻ ജോലിചെയ്യുന്ന സുഊദി അറേബ്യ ഈ രംഗത്ത് ലോകത്തിനുതന്നെ മാതൃകയാകും വിധം പ്രവർത്തിച്ച ഒരു രാജ്യമാണ്. കേരളത്തിലെ ജനസംഖ്യയോളം മാത്രം ജനങ്ങളുള്ള രാജ്യം. സമ്പൂർണ ലോക്ഡൗൺ ആകെ രണ്ടാഴ്ച മാത്രമാണ് ഈ രാജ്യം നടത്തിയത്. പിന്നീടങ്ങോട്ട് രാജ്യത്തെ തൊലിഴിലിടങ്ങളും വ്യാപാര, വ്യവസായ കേന്ദ്രങ്ങളും തുറന്നുകൊടുത്തു. ”

വ്യാപാരികളും പോലീസും ഏറ്റുമുട്ടുന്ന സമയത്താണ് അറുപതിനായിരം തീർഥാടകരും അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്ന സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നവരുമടക്കം മുക്കാൽ ലക്ഷത്തോളം പേർ മക്കാ താഴ്വരയിൽ ഒരുമിച്ചുകൂടിയത്. വിവിധ ദേശക്കാർക്ക് ഈ മഹാമാരിക്കാലത്തും മക്കയിൽ ഒരാഴ്ചയോളം ഹജ്ജ് കർമത്തിനായി ഒരുമിച്ച് കൂടാൻ സാധിച്ചത് ലോകത്തിന് തന്നെ മാതൃകയാകും വിധം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതുകൊണ്ട് തന്നെയാണ്.

ജനങ്ങളോട് കൂറുള്ള, ദീർഘവീക്ഷണവും ആത്മാർഥതയും പ്രായോഗിക ബുദ്ധിയും അനുകമ്പയുമൊക്കെ സമന്വയിച്ച ഭരണകൂടങ്ങൾക്ക് ഏത് പ്രതിസന്ധിയെയും ജനങ്ങളെ ചേർത്തുനിർത്തി അതിജയിക്കാനാവും. സർക്കാരും നിയമപാലകരും ജനങ്ങളുടെ സേവകരാണ്, അവരുടെ അധികാരികളല്ലെന്ന് തിരിച്ചറിയുമ്പോഴേ നിയമപാലനം നിലതെറ്റാതെ നടക്കൂ. കൈക്കരുത്തിനും അധികാരധാർഷ്ഠ്യത്തിനുമല്ല മനുഷ്യത്വത്തിനും വിവേകപൂർവമായ ഇടപെടലുകൾക്കും മാത്രമെ വിജയം വരിക്കാൻ സാധിക്കുകയുള്ളൂ.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# മരണം മണക്കുന്ന പായകൾ

നമസ്കാരത്തിന്ന് അടുത്തുള്ള പള്ളിയിലെത്തിയപ്പോൾ പുതിയൊരു പായ കണ്ടു. പ്ലാസ്റ്റിക് നിർമിതമായ, വെള്ളനിറത്തിന് കൂടുതൽ പ്രാമുഖ്യമുള്ള, നേർത്ത സുഗന്ധത്തോടുകൂടിയ പായ. പള്ളിപ്പറമ്പിൽ മറവുചെയ്യാൻ കൊണ്ടുവന്ന ജനാസയുടെ കൂടെയെത്തിയതാണാ പായ!

ഏതാനും നാളുകൾ കൂടി ആ പായയുടെ പുതുമ നിലനിൽക്കും. പിന്നെ സുഗന്ധം മായും. നിറം മങ്ങുന്നതിന് മുമ്പ് മറ്റൊരു പായയെത്തും; പുതിയ ഒരു നിറത്തിൽ മറ്റൊരു മണവുമായി. ഭൂമിയിൽ ജീവിച്ച് കൊതിതീരാത്ത ഒരു മനുഷ്യന്റെ മയ്യിത്തിനെ മണ്ണിലേക്ക് സമർപ്പിക്കാൻ അകമ്പടി വരുന്ന പായ.

ഏതൊരാൾക്കും മരണം നിശ്ചയിക്കപ്പെട്ട ഒരു നാളുണ്ട്. മരണം കൃത്യസമയത്ത് കടന്നുവരും. ഫോണുകൾ വഴി വിവരം പരക്കും; ചുണ്ടിൽനിന്ന് ചുണ്ടിലേക്കും. എപ്പോഴാണ് മയ്യിത്ത് എടുക്കുകയെന്ന ചോദ്യമുയരും; തീരുമാനമുണ്ടാകും. അതിനു മുമ്പായി മയ്യിത്തിനെ കുളിപ്പിക്കും. ഏതോ ദൂരദിക്കിൽ നിന്ന് അടുത്തൊരു കടയിലെത്തിയ വെള്ളവസ്ത്രവും സുഗന്ധ ദ്രവ്യവും കൂട്ടിനെത്തും. ആളുകൾ മയ്യിത്തിന് അകമ്പടി സേവിക്കും. കുറേപേർ നേരത്തെ പള്ളിയിലെത്തി കാത്തുനിൽക്കും. പിന്നെ നമസ്കാരം... ക്വബ്റടക്കൽ, തസ്ബീത്, കണ്ണീർ... നെടുവീർപ്പ്... നല്ല മനുഷ്യനായിരുന്നുവെന്ന അടക്കംപറച്ചിൽ. അങ്ങനെ മയ്യിത്തിനെ പൊതിഞ്ഞ മറ്റൊരു പായകൂടി പള്ളിയിലെത്തും.

നിർബന്ധമായും അനുഭവിച്ചറിയുന്ന യാഥാർഥ്യമാണ് മരണം. അതു നുകരാതെ, രുചിക്കാതെ ആരുമുണ്ടാവില്ല. ഭരണാധികാരിയും ഭരണീയനും പണക്കാരനും പണിക്കാരനും മുതലാളിയും തൊഴിലാളിയും കുബേരനും കുചേലനും മർദകനും മർദിതനും പുണ്യാളനും പാപിയും മരണത്തെ ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ട്. ദുർബലന്റെ ദുർബലതയോ ശക്തിമാന്റെ ശക്തിയോ മരണത്തിൽനിന്ന് മറയാകില്ല. ആളെത്ര ഊക്കേറിയവനായാലും മരണദൂതൻ വന്നു കവാടം മുട്ടിയാൽ മരണത്തിന് കീഴൊതുങ്ങിയേ മതിയാവൂ. നാനാതരം മനുഷ്യസമൂഹങ്ങളും വർഗങ്ങളും ഭൗതിക ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. അവർക്കെല്ലാം എന്തുപറ്റി? അവരെല്ലാം എവിടെപ്പോയി?

"...അവരിൽനിന്ന് ആരെയെങ്കിലും നീ കാണുന്നുണ്ടോ? അഥവാ അവരുടെ നേരിയ ശബ്ദമെങ്കിലും നീ കേൾക്കുന്നുണ്ടോ?" (ക്വുർആൻ 19:98).

നാമും അവരുടെ വഴിയിലാണ്. നമുക്കും മരണവേളയും മയ്യിത്ത് കട്ടിലുമുണ്ട്. മരണാസന്നനായവന്റെ നിസ്സഹായാവസ്ഥ നമുക്കും അനുഭവിക്കുവാനുള്ളതാണ്. കണ്ണുകൾ നിറയും. ശബ്ദം ഇടറും. കൈകാലുകൾ കൂട്ടിയുരുമ്മും. മലക്കുൽ മൗത്തിനെയും കൂടെയുള്ളവരെയും നേരിൽ കാണും. ഉറ്റവരെയും ഉടയവരെയും കേവലം നോക്കുകുത്തികളാക്കി മരണം നമ്മെ റാഞ്ചിയെടുക്കും. അതെ, സൃഷ്ടികളിൽ ജീവനുള്ളതിനെല്ലാം മരണം സുനിശ്ചിതമാണ്. മരണത്തിൽനിന്നും രക്ഷപ്പെടുവാൻ വഴികളേതുമേയില്ല.

"...അവന്റെ (അല്ലാഹുവിന്റെ) തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്. അവന്നുള്ളതാണ് വിധികർതൃത്വം. അവങ്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 28:88).

എങ്ങോ ഒരു പായ നമ്മെയും കാത്തിരിക്കുന്നുണ്ട് എന്ന് ഓർമിക്കുന്നുവോ നാം?

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഹദീഥ് പാഠം

# സ്രഷ്ടാവിന്റെ തൃപ്തി ലഭിക്കാൻ...

**അനസുബ്നു മാലിക്ﷺ പറയുന്നു; നബിﷺ പറഞ്ഞു: "തീർച്ചയായും ഒരു ദാസനെക്കുറിച്ച് അല്ലാഹു സംതൃപ്തനാണ്; അവൻ എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്താൽ അല്ലാഹുവിനെ സ്തുതിക്കും" (ബുഖാരി)**

മനുഷ്യൻ വിശപ്പും ദാഹവുമുള്ള ഒരു ജീവിയാണ്. നല്ല ഭക്ഷണം കഴിക്കുവാനും ഉത്തമ പാനീയങ്ങൾ കുടിക്കുവാനും ആഗ്രഹിക്കാത്തവരില്ല. പട്ടിണിപ്പാവങ്ങൾ പൈദാഹമകറ്റാൻ എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ എന്നാശിക്കുമ്പോൾ സമ്പന്നർ കൂടുതൽ കൂടുതൽ ഉത്തമമായവ കിട്ടുവാൻ തിടുക്കം കൂട്ടുന്നു.

ആരാണ് മനുഷ്യർക്ക് വിശപ്പടക്കുവാനും പോഷണം നേടാനും ആവശ്യമായ ധാന്യങ്ങളും പഴവർഗങ്ങളും പച്ചക്കറികളുമെല്ലാം ഉദ്പാദിപ്പിക്കുന്നത്? ആരാണ് ഉപരിലോകത്തുനിന്ന് ശുദ്ധമായ വെള്ളം മഴയായി ഇറക്കിത്തരുന്നത്? സമുദ്രങ്ങളുടെയും നദികളുടെയും മറ്റും വിധാതാവ് ആരാണ്? കിണറുകൾ കുഴിക്കുമ്പോൾ വെള്ളം കിട്ടുന്നതരത്തിൽ ഭൂമിക്കുള്ളിൽ വെള്ളം തടഞ്ഞുനിർത്തുന്നത് ആരാണ്?

ഇതിലൊന്നും മനുഷ്യർക്ക് യാതൊരു പങ്കുമില്ല. സർവശക്തനും കാരുണ്യവാനുമായ അല്ലാഹുവാണിതിന് പിന്നിൽ എന്ന് സത്യവിശ്വാസികൾ പറയുമ്പോൾ അതിനെ പുഛിച്ചുതള്ളിക്കൊണ്ട് യുക്തിവാദികളും നിരീശ്വരവാദികളും പറയുന്നത് അതെല്ലാം പ്രകൃതി നിയമങ്ങളാണ് എന്നാണ്! പദ്ധതികൾ ആസൂത്രണം ചെയ്യുവാനും നിയമങ്ങൾ ആവിഷ്കരിക്കുവാനും ബുദ്ധിയും ചിന്തയും ആവശ്യമാണ്. പ്രകൃതി അത്തരത്തിലുള്ളതാണോ? ഒരിക്കലുമല്ല.

വിശുദ്ധ ക്വുർആൻ പറയുന്നു: "അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതരികയും ചെയ്തവൻ ആരാണ്? എന്നിട്ട് അത് മുഖേന കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിക്കുകയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 27:60).

പട്ടിണികിടക്കുന്നവർക്കേ വിശപ്പിന്റെ കാഠിന്യവും അന്നത്തിന്റെ വിലയുമറിയൂ. ദാഹിച്ച് വലയുന്നവർക്കേ ദാഹത്തിന്റെ പരവശതയും വെള്ളത്തിന്റെ അമൂല്യതയുമറിയൂ. വിശപ്പും ദാഹവും അനുഭവിക്കുന്നവന് ആരെങ്കിലും ഭക്ഷണവും വെള്ളവും നൽകിയാൽ അത് നൽകിയവനോട് അയാൾ നന്ദി കാണിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ഇതെല്ലാം ഒരുക്കിത്തരുന്ന സ്രഷ്ടാവിനെ ഓർക്കുവാനും അവനോട് നന്ദി കാണിക്കുവാനും സന്മനസ്സുള്ളവർ വിരളമാണ്.

ആഹരിക്കുന്നതും പാനംചെയ്യുന്നതും അല്ലാഹുവിന്റെ നാമത്തിലായിരിക്കണമെന്നും അവസാനിക്കുമ്പോൾ അവനെ സ്തുതിക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു. ഭക്ഷണവും വെള്ളവും നൽകുന്നവൻ അല്ലാഹുവാണ്. അവ കിട്ടാതെ വലയുന്നവർ ധാരാളമുണ്ട്. എല്ലാം ഉണ്ടായിട്ടും ഭക്ഷണം കഴിക്കാനും വെള്ളം കുടിച്ച് ദാഹമകറ്റാനും സാധിക്കാത്ത എത്രയോ രോഗികളുണ്ട്. ഇതൊക്കെ ഓർക്കുന്ന ഒരു മനുഷ്യന് അത്തരത്തിലുള്ള തടസ്സങ്ങൾ ഒന്നുമില്ലാത്ത അവസ്ഥ നൽകിയ അല്ലാഹുവിനെ ഓർക്കാതെ എങ്ങനെ ഭക്ഷണം കഴിക്കാൻ കഴിയും? എങ്ങനെ വെള്ളം കുടിക്കാൻ കഴിയും? വിശപ്പും ദാഹവുമകന്നാൽ എങ്ങനെ അല്ലാഹുവിനെ സ്തുതിക്കാതിരിക്കാൻ കഴിയും? ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽപോലും സത്യവിശ്വാസി സ്രഷ്ടാവിനെ സ്തുതിക്കും; കാരണം അവനാണത് നൽകിയത്. അതിന് അവനോട് നന്ദികാണിക്കേണ്ടതുണ്ട്. അങ്ങനെ നന്ദിസൂചകമായി അല്ലാഹുവിനെ സ്തുതിക്കുന്നവനെക്കുറിച്ച് അല്ലാഹു സംതൃപ്തനായിരിക്കുമെന്നാണ് നബിﷺ പഠിപ്പിക്കുന്നത്.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**‘അൽ വാബിലുസ്സ്വയ്യിബ്’ എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

17

അന്ത്യനാളിൽ അല്ലാഹുവിനെ നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ പറ്റുന്നതാണ്. എന്നാൽ കണ്ണുകൊണ്ടു കാണാൻ പറ്റിയാലും പൂർണമായും ഉൾക്കൊണ്ട് ഗ്രഹിക്കാൻ (ഇദ്റാക്ക്) സാധിക്കുകയില്ല. പൂർണമായി ഗ്രഹിക്കൽ (ഇദ്റാക്ക്) കാഴ്ചക്ക് (റുഅ്യഃ) ഉപരിയായ സംഗതിയാണ്. ഉദാഹരണം പറഞ്ഞാൽ; അല്ലാഹുവിനാണ് ഏറ്റവും ഉത്തമമായ വിവരണങ്ങളുള്ളത്. സൂര്യനെ നമുക്ക് കാണാൻ പറ്റുന്നു. എന്നാൽ അതിന്റെ ശരിയായ രുപത്തിൽ നമുക്കതിനെ ഗ്രഹിക്കാനാവുന്നില്ല. പൂർണമായ ഗ്രാഹ്യത പോയിട്ട് അതിനോട് അടുത്ത വിധത്തിൽ പോലും കഴിയുന്നില്ല. ഇബ്നു അബ്ബാസ് رضي الله عنه അല്ലാഹുവിനെ കാണുന്നതിനെക്കുറിച്ച് (റുഅ്യഃ)

തന്നോട് ചോദിച്ചയാളോട് 'കണ്ണുകൾ അവനെ കണ്ടെത്തുകയില്ല' എന്ന ക്വുർആൻ സൂക്തം (6:103) ഉദ്ധരിച്ചുകൊണ്ട് ചോദിച്ചു: 'ആകാശത്തെ നീ കാണുന്നില്ലേ?' അയാൾ പറഞ്ഞു: 'അതെ.' എന്നാൽ നിനക്കതിനെ പൂർണമായി ഗ്രഹിക്കാൻ കഴിയുന്നുണ്ടോ' എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'ഇല്ല.' ഇബ്നു അബ്ബാസ് ﵄ പറഞ്ഞു: 'അല്ലാഹുവാണ് ഏറ്റവും ഉന്നതനും മഹത്ത്വമുള്ളവനും' (ഇബ്നു അബ്ബാസി ﵄ ൽനിന്നുള്ള ഈ റിപ്പോർട്ട് കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യൻ ഇക്‌രിമ ﵀ യിൽനിന്നും ഇതിന് സമാനമായ റിപ്പോർട്ടുകൾ 'ത്വബ്‌രി' തന്റെ തഫ്സീറിലും ഇബ്നു അബീആസിം തന്റെ 'അസ്സുന്ന'യിലും ഉദ്ധരിക്കുന്നുണ്ട്).

അല്ലാഹു തന്റെ അടിമയുടെ ഹൃദയത്തിൽ ഉണ്ടാക്കിക്കൊടുക്കുന്ന അവന്റെ പ്രകാശത്തിന് നല്ലൊരു ഉപമ അല്ലാഹു വിശദീകരിച്ചിട്ടുണ്ട്. ശരിയായ പണ്ഡിതന്മാരല്ലാതെ അത് ഗ്രഹിക്കുകയില്ല. അല്ലാഹു പറയുന്നു:

"അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ ഉപമയിതാ: (ചുമരിൽ വിളക്ക് വെക്കാനുള്ള) ഒരു മാടം. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത്. സ്ഫടികം ഒരു ജ്വലിക്കുന്ന നക്ഷത്രംപോലെയിരിക്കുന്നു. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽനിന്നാണ് അതിന് (വിളക്കിന്) ഇന്ധനം നൽകപ്പെടുന്നത്. അതായത് കിഴക്കുഭാഗത്തുള്ളതോ പടിഞ്ഞാറുഭാഗത്തുള്ളതോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽനിന്ന്. അതിന്റെ എണ്ണ തീ തട്ടിയില്ലെങ്കിൽ പോലും പ്രകാശിക്കുമാറാകുന്നു. (അങ്ങനെ) പ്രകാശത്തിൻമേൽ പ്രകാശം. അല്ലാഹു തന്റെ പ്രകാശത്തിലേക്ക് താൻ ഉദ്ദേശിക്കുന്നവരെ നയിക്കുന്നു. അല്ലാഹു ജനങ്ങൾക്ക് വേണ്ടി ഉപമകൾ വിവരിച്ചുകൊടുക്കുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ" (ക്വുർആൻ 24:35).

ഉബയ്യുബ്നു കഅ്ബ് ﵁ പറയുന്നു: 'സത്യവിശ്വാസിയുടെ ഹൃദയത്തിലുള്ള അല്ലാഹുവിന്റെ പ്രകാശത്തിന്റെ ഉപമ' (ഇതിന് സമാനമായ റിപ്പോർട്ട് ഇബ്നു അബ്ബാസി ﵄ ൽനിന്ന് ഇമാം ത്വബ്‌രി ഉദ്ധരിക്കുന്നുണ്ട്. എന്നാൽ ഉബയ്യുബ്നു കഅ്ബി ﵁ ൽ നിന്നും ഉദ്ധരിക്കുന്നതിൽ ഇപ്രകാരമാണ് പറയുന്നത്: 'അവന്റെ പ്രകാശത്തിന്റെ ഉപമ അഥവാ സത്യവിശ്വാസിയുടെ പ്രകാശത്തിന്റെ ഉപമ.' അതായത് 'അവന്റെ പ്രകാശം' എന്നതിലെ സർവനാമത്തെ 'സത്യവിശ്വാസിയുടെ' എന്നാണ് പറഞ്ഞത് കുറിപ്പുകാരൻ).

അല്ലാഹു അവന്റെ ദാസന്മാരുടെ ഹൃദയത്തിൽ അവനെക്കുറിച്ചുള്ള അറിവിന്റെയും സ്നേഹത്തിന്റെയും അവനിലുള്ള വിശ്വാസത്തിന്റെയും സ്മരണയുടെയും ഫലമായി നിക്ഷേപിക്കുന്ന പ്രകാശമാണിത്. അവന്റെ ഈ പ്രകാശം അവർക്ക് ഇറക്കിക്കൊടുത്താൽ അതുമുഖേന അവൻ അവരെ ജീവസ്സുറ്റതാക്കുകയും അതുകൊണ്ട് ജനങ്ങൾക്കിടയിലൂടെ അവരെ നടത്തുകയും ചെയ്യും. അതിന്റെ അടിസ്ഥാനം അവരുടെ ഹൃദയത്തിലാണെങ്കിലും പിന്നീടത് ശക്തിപ്രാപിക്കുകയും അധികരിക്കുകയും ചെയ്യും. അങ്ങനെ അവരുടെ മുഖങ്ങളിലും അവയവങ്ങളിലും ശരീരത്തിലുമെല്ലാം അത് പ്രകടമാവുകയും ചെയ്യും. അവരുടെ വസ്ത്രങ്ങളിലും ഭവനങ്ങളിലും അത് പ്രതിഫലിക്കും. അവരുടെ അതേ തരത്തിലുള്ളവർക്ക് മാത്രമേ അത് കാണാൻ കഴിയൂ. മറ്റുള്ളവരാകട്ടെ അത് നിഷേധിച്ചേക്കും.

എന്നാൽ അന്ത്യനാളിൽ ഈ പ്രകാശം പ്രകടമാവുകയും ഇരുട്ട് മൂടിയ ആ പാലത്തിനു മുമ്പിൽ അവർക്ക് വഴികാട്ടുന്ന പ്രകാശമായി അത് കൂടെയുണ്ടാവുകയും ചെയ്യും. അങ്ങനെ അവർക്ക് ആ പാലം മുറിച്ചുകടക്കാൻ കഴിയും. ഇഹലോകത്ത് അവരുടെ ഹൃദയങ്ങളിൽ പ്രസ്തുത പ്രകാശ

**അല്ലാഹു അവന്റെ ദാസന്മാരുടെ ഹൃദയത്തിൽ അവനെക്കുറിച്ചുള്ള അറിവിന്റെയും സ്നേഹത്തിന്റെയും അവനിലുള്ള വിശ്വാസത്തിന്റെയും സ്മരണയുടെയും ഫലമായി നിക്ഷേപിക്കുന്ന പ്രകാശമാണിത്. അവന്റെ ഈ പ്രകാശം അവർക്ക് ഇറക്കിക്കൊടുത്താൽ അതുമുഖേന അവൻ അവരെ ജീവസ്സുറ്റതാക്കുകയും അതുകൊണ്ട് ജനങ്ങൾക്കിടയിലൂടെ അവരെ നടത്തുകയും ചെയ്യും. അതിന്റെ അടിസ്ഥാനം അവരുടെ ഹൃദയത്തിലാണെങ്കിലും പിന്നീടത് ശക്തിപ്രാപിക്കുകയും അധികരിക്കുകയും ചെയ്യും. അങ്ങനെ അവരുടെ മുഖങ്ങളിലും അവയവങ്ങളിലും ശരീരത്തിലുമെല്ലാം അത് പ്രകടമാവുകയും ചെയ്യും.**

ത്തിനുണ്ടായിരുന്ന ശക്തിയും ദുർബലതയുമനുസരിച്ചായിരിക്കും അവിടെയും അതുണ്ടാവുക. ചിലരുടേത് സൂര്യനെ പോലെയും മറ്റു ചിലരുടേത് ചന്ദ്രനെപോലെയും. വേറെ ചിലർക്ക് നക്ഷത്രത്തെ പോലെയും ചിലർക്ക് വിളക്ക് പോലെയും വ്യത്യസ്ത രൂപത്തിലായിരിക്കും അവിടെ പ്രകാശം നൽകപ്പെടുക. ചിലർക്ക് കാലിന്റെ പെരുവിരലിൽ പ്രകാശം നൽകപ്പെടും; ഒരിക്കൽ പ്രകാശിക്കുകയും മറ്റൊരിക്കൽ അണഞ്ഞുപോവുകയും ചെയ്യുന്ന വിധത്തിൽ. ഇഹലോകത്ത് തങ്ങളുടെ പ്രകാശത്തിന്റെ സ്ഥിതി ഇപ്രകാരമാണെങ്കിൽ അതേ തോതനുസരിച്ചായിരിക്കും പ്രസ്തുത പാലത്തിനു മീതെ വെച്ചും അവർക്ക് നൽകപ്പെടുന്നത്. അല്ലെങ്കിൽ അവരുടെ ഹൃദയങ്ങളിലെ അതേ പ്രകാശംതന്നെ അവർക്ക് കാണാനാകും വിധത്തിൽ പ്രത്യക്ഷപ്പെട്ടതായിരിക്കുകയുമാവാം. കപടവിശ്വാസിക്ക് ഐഹികലോകത്ത് സ്ഥായിയായ ഒരു പ്രകാശം ഉണ്ടായിരുന്നില്ല എന്നതിനാൽ, അഥവാ അവരുടെ പ്രകാശമെന്നത് കേവലം ബഹ്യമായ ചില പുറംപൂച്ച് മാത്രമായിരുന്നതിനാൽ അവിടെ വെച്ചും അത്തരത്തിലുള്ള ഒന്നായിരിക്കും നൽകപ്പെടുക. അതിന്റെ പര്യവസാനമാകട്ടെ പ്രകാശം നഷ്ടപ്പെട്ട് ഇരുട്ടിൽ ആപതിക്കലായിരിക്കും.

ഈ പ്രകാശത്തിനും അതിന്റെ കേന്ദ്രത്തിനും അതിന്റെ വാഹകനും അതിന്റെ അടിസ്ഥാന(പദാർഥ)ത്തിനുമൊക്കെ അല്ലാഹു മനോഹരമായ ഒരു വിളക്കുമാടത്തിന്റെ ഉപമ വിശദീകരിച്ചിട്ടുണ്ട്. അതായത് ഭിത്തിയിലുള്ള ഒരു പൊത്ത്. അത് ഹൃദയത്തിന് സമാനമാണ്. ആ വിളക്കുമാടത്തിന്റെ ചില്ല് വളരെ തെളിഞ്ഞ ശുദ്ധമായ സ്ഫടികമാണ്. അതിന്റെ വെൺമയിലും തെളിമയിലും അതിനെ ഉപമിച്ചിരിക്കുന്നത് പ്രകാശം പൊഴിക്കുന്ന നക്ഷത്രത്തോടാണ്. സത്യവിശ്വാസിയുടെ ഹൃദയം ഉൾക്കൊണ്ടിരിക്കുന്ന നന്മയുടെ ഗുണങ്ങളാണവ. ആർദ്രതയും വിശുദ്ധിയും ധീരതയും പോലുള്ള ഗുണങ്ങൾ. അങ്ങനെ സത്യത്തെയും സന്മാർഗത്തെയും സത്യവിശ്വാസിക്ക് ആ തെളിമയിലൂടെ കാണാൻ കഴിയുന്നു. അതിലൂടെ കനിവും കാരുണ്യവും ദയയുമെല്ലാം കൈവരുന്നു. അതോടൊപ്പം അല്ലാഹുവിന്റെ ശത്രുക്കൾക്കെതിരിൽ ശക്തമായി നിലയുറപ്പിക്കുകയും സത്യമാർഗത്തിൽ അതിശക്തമായി ഉറച്ചുനിൽക്കുകയും ചെയ്യും. ഒരു ഗുണം മറ്റൊരു ഗുണത്തെ ദുർബലപ്പെടുത്തുകയോ കീഴ്പ്പെടുത്തുകയോ അല്ല ചെയ്യുക; പ്രത്യുത പരസ്പരം ശക്തി പകർന്ന് മനോഹരമായി സംഗമിക്കുകയാണ്. 'സത്യനിഷേധികളോട് കർക്കശമായി വർത്തിക്കുന്നവരും അൻയോന്യം ദയാലുക്കളുമാകുന്നു അവർ' (ക്വുർആൻ 48:29).

അല്ലാഹു പറയുന്നു: "(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക്‌വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്"(3:159).

"നബിയേ, സത്യനിഷേധികളോടും കപടവിശ്വാസികളോടും സമരം ചെയ്യുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവർക്കുള്ള സങ്കേതം നരകമത്രെ. ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്തതന്നെ" (9:73).

ഒരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'ഹൃദയങ്ങൾ ഭൂമിയിലെ, അല്ലാഹുവിന്റെ പാത്രങ്ങളാകുന്നു. അതിൽ അവന് ഏറ്റവും ഇഷ്ടമുള്ളത് ഏറ്റവും മിനുസമുള്ളതും തെളിമയുള്ളതും സുദൃഢമായതു



മാണ്’ (ത്വബ്‌റാനി ‘മുസ്‌നദുശ്ശാമിയ്യീനി’ൽ ഉദ്ധരിച്ചത്. അതിന്റെ സനദ് (പരമ്പര) നല്ലതാണ്. ‘സിൽസിലതുസ്സ്വഹീഹ’ 1691ാം നമ്പർ ഹദീഥ് കാണുക).

ഈ ഹൃദയത്തിനുനേരെ മറുവശത്ത് പരസ്പര വിരുദ്ധമായതും ആക്ഷേപാർഹവുമായ രണ്ടു ഹൃദയങ്ങളുണ്ട്. ഒന്ന്, കരുണവറ്റിയ കരിങ്കൽസമാനമായ കടുത്ത ഹൃദയമാണ്. അതിൽ യാതൊരു നന്മമയോ പുണ്യമോ ഇല്ല. സത്യം തെളിഞ്ഞുകാണാവുന്ന തെളിച്ചവും അതിനില്ല. മറിച്ച് അത് അഹങ്കാരവും അവിവേകവും നിറഞ്ഞതാണ്. അത് സത്യത്തെ അറിയുകയോ സൃഷ്ടികളോട് ദയ കാണിക്കുകയോ ചെയ്യുന്നില്ല. രണ്ട്, അതിനപ്പുറത്ത് ദ്രവരൂപത്തിലുള്ള ദുർബലമായ മറ്റൊരു ഹൃദയമാണ്. അതിന് ശക്തിയോ ശേഷിയോ ഇല്ല. അത് എല്ലാ രൂപങ്ങളെയും സ്വീകരിക്കുമെങ്കിലും അവയിൽ ഒന്നിനെപ്പോലും സംരക്ഷിച്ചു നിർത്തുവാനുള്ള ശേഷി അതിനില്ല. മറ്റെന്തിലെങ്കിലും വല്ല സ്വാധീനവും ഉണ്ടാക്കുവാനുള്ള ശേഷിയും അതിനില്ല. മറിച്ച് അതുമായി കൂടിക്കലരുന്ന എല്ലാം (അത് ശക്തമോ ദുർബലമോ നല്ലതോ ചീത്തയോ ആകട്ടെ)അതിൻമേൽ സ്വാധീനമുണ്ടാക്കുകയാണ് ചെയ്യുന്നത്.

ആ ചില്ലിനുള്ളിൽ ഒരു വിളക്കുണ്ട്. അതിന്റെ തിരിയിലാണ് ആ പ്രകാശം. ആ തിരിയാണ് അതിനെ വഹിക്കുന്നത്. ആ പ്രകാശത്തിന് ഒരു ഉത്തേജക പദാർഥം അഥവാ ഇന്ധനമുണ്ട്. ഏറ്റവും ഉത്തമമായ സ്ഥലത്തുനിന്നെടുത്ത ഒലീവിന്റെ എണ്ണയാണത്. പകലിന്റെ ആദ്യത്തിലും ഒടുക്കത്തിലുമുള്ള വെയിൽ ആ ഒലീവിനേൽക്കുന്നുണ്ട്. അതിനാൽ അതിന്റെ എണ്ണ ഏറ്റവും സംശുദ്ധവും കലർപ്പുകളില്ലാത്തതുമാണ്. എത്രത്തോളമെന്നാൽ അതിന്റെ സംശുദ്ധത കാരണത്താൽ തീയില്ലാതെതന്നെ അത് വെളിച്ചം പകരുന്നു. അതാണ് ആ വിളക്കിന്റെ പ്രകാശത്തിനുള്ള ഇന്ധനം.

അപ്രകാരമണ് സത്യവിശ്വാസിയുടെ ഹൃദയത്തിലുള്ള വിളക്കിന്റ പ്രകാശത്തിനുള്ള ഇന്ധനവും. ദിവ്യബോധനത്തിന്റെ (വഹ്‌യിന്റെ) മരത്തിൽനിന്നാണത്. അതാകട്ടെ ഏറ്റവും ഐശ്വര്യപൂർണവും അനുഗൃഹീതവുമാണ്. യാതൊരുവിധ അപാകതകളും അതിനില്ല. ഏറ്റവും ശ്രേഷ്ഠവും സന്തുലിതവും നന്മ നിറഞ്ഞതുമാണത്. ജൂതക്രൈസ്തവരുടേതുപോലുള്ള യാതൊരു വ്യതിചലനവും അതിനില്ല. പ്രത്യുത ഏതു കാര്യങ്ങളിലും ആക്ഷേപാർഹമായ രണ്ടു ധ്രുവങ്ങൾക്കിടയിലെ മധ്യമ നിലപാടാണതിനുള്ളത്. അതത്രെ സത്യവിശ്വാസിയുടെ ഹൃദയത്തിലെ സത്യവിശ്വാസമാകുന്ന വിളക്കിന്റെ ഇന്ധനം.

ആ ഒലീവെണ്ണയുടെ തീക്ഷ്ണമായ സംശുദ്ധതനിമിത്തം അത് സ്വയംതന്നെ വെളിച്ചം പകരുന്നുണ്ട്. പിന്നീട് അതിൽ തീയുംകൂടി ചേരുമ്പോൾ അതിന്റെ വെളിച്ചത്തിന് എന്തൊരു തെളിച്ചമായിരിക്കും! അതാണ് പ്രകാശത്തിനുമേൽ പ്രകാശം!

> **“ സത്യവിശ്വാസിയുടെ ഹൃദയത്തിലുള്ള വിളക്കിന്റെ പ്രകാശത്തിനുള്ള ഇന്ധനം ദിവ്യബോധനത്തിന്റെ മരത്തിൽനിന്നാണ്. അതാകട്ടെ ഏറ്റവും ഐശ്വര്യപൂർണവും അനുഗൃഹീതവുമാണ്. യാതൊരുവിധ അപാകതകളും അതിനില്ല. ഏറ്റവും ശ്രേഷ്ഠവും സന്തുലിതവും നന്മ നിറഞ്ഞതുമാണത്. ജൂതക്രൈസ്തവരുടേതുപോലുള്ള യാതൊരു വ്യതിചലനവും അതിനില്ല. പ്രത്യുത ഏതു കാര്യങ്ങളിലും ആക്ഷേപാർഹമായ രണ്ടു ധ്രുവങ്ങൾക്കിടയിലെ മധ്യമ നിലപാടാണതിനുള്ളത്. അതത്രെ സത്യവിശ്വാസിയുടെ ഹൃദയത്തിലെ സത്യവിശ്വാസമാകുന്ന വിളക്കിന്റെ ഇന്ധനം. ”**

ഇപ്രകാരമാണ് സത്യവിശ്വാസിയും. അവന്റെ ഹൃദയം വെളിച്ചം പകരും. ശുദ്ധപ്രകൃതത്താലും നേരായ ചിന്തയാലും സത്യത്തെ തിരിച്ചറിയും. പക്ഷേ, അതിന് സ്വന്തമായ ഉത്തേജക പദാർഥം അഥവാ ഇന്ധനമില്ല. മറിച്ച് ദിവ്യബോധനമാകുന്ന വഹ്‌യിന്റെ സഹായത്താൽ അതിന്റെ പ്രകാശം ആ ഹൃദയത്തിന്റെ തെളിമയും ശുദ്ധതയുമായി കൂടിക്കലരുമ്പോൾ അല്ലാഹു അതിൽ സൃഷ്ടിച്ച പ്രകാശം അധികരിക്കുന്നു. അങ്ങനെ വഹ്‌യിന്റെ പ്രകാശവും ശുദ്ധപ്രകൃതിയുടെ പ്രകാശവും ഒരുമിച്ചുചേരുമ്പോൾ പ്രകാശത്തിനുമേൽ പ്രകാശം! അപ്പോൾ അയാൾ സംസാരിക്കുന്നത് സത്യമായിരിക്കും. അതിന്റെ പ്രമാണം ഒരുപക്ഷേ, അതിനുമുമ്പ് അയാൾ കേട്ടിട്ടുണ്ടാകില്ല. പിന്നീട് പ്രമാണം കേൾക്കുമ്പോൾ അത് തന്റെ ശുദ്ധപ്രകൃതത്തിന്റെ സാക്ഷ്യത്തോട് യോജിച്ചുവരുന്നതായി കാണുന്നു. അവിടെയും പ്രകാശത്തിനുമേൽ പ്രകാശം ആയിരിക്കും. ഇതാണ് സത്യവി

ശ്വാസിയുടെ കാര്യം. തന്റെ ശുദ്ധപ്ര കൃതികൊണ്ട് തന്നെ സത്യത്തെ മൊത്തത്തിൽ മനസ്സിലാക്കാൻ അവന് സാധിക്കും. പിന്നീടായിരിക്കും അക്കാര്യം വിശദമാക്കുന്ന പ്രമാണങ്ങൾ അയാൾ കേൾക്കുന്നത്. അങ്ങനെ അയാളുടെ ഈമാൻ വഹ്‌യിന്റെയും (ദിവ്യബോധനം) ശുദ്ധപ്രകൃതിയുടെയും (ഫിത്വ്‌റത്) സാക്ഷ്യത്തിൽ വളർന്നു വരും.

ബുദ്ധിയുള്ളവർ ഈ മഹത്തായ വചനത്തെക്കുറിച്ചും ഈ മഹത്തരമായ ആശയങ്ങളോടുള്ള അതിന്റെ യോജിപ്പിനെക്കുറിച്ചും ചിന്തിക്കട്ടെ!

അല്ലാഹു ആകാശഭൂമികളിലുള്ള അവന്റെ പ്രകാശത്തെക്കുറിച്ച് പറഞ്ഞു. സത്യവിശ്വാസികളായ തന്റെ ദാസന്മാരുടെ ഹൃദയങ്ങളിലുള്ള അവന്റെ പ്രകാശത്തെയും പ്രതിപാദിച്ചു. ഹൃദയങ്ങളും അകക്കണ്ണുകളും പ്രകാശിക്കുന്ന, ഹൃദയങ്ങൾകൊണ്ടും അകക്കണ്ണുകൾകൊണ്ടും കാണാനും ഗ്രഹിക്കുവാനും പറ്റുന്ന പ്രകാശത്തെക്കുറിച്ചും കണ്ണുകൾകൊണ്ട് കണ്ട് അനുഭവിച്ചറിയുന്ന,ലോകം മുഴുവൻ പ്രകാശിക്കുന്ന പ്രകാശത്തെക്കുറിച്ചും പറഞ്ഞു. അവ രണ്ടും വലിയ പ്രകാശങ്ങളാണ്. ഒന്ന് മറ്റേതിനെക്കാൾ കുറേകൂടി മനോഹരമാണ്.

ഏതെങ്കിലും പ്രദേശത്ത് പ്രകാശം കിട്ടാതായാൽ അവിടെ മനുഷ്യനോ മറ്റു ജീവജാലങ്ങളോ വളരുകയില്ല. കാരണം ജീവന് പ്രകാശം അത്യന്താപേക്ഷിതമാണ്. പ്രകാശം കടന്നുചെല്ലാത്ത ഇരുട്ടറകളിൽ അതുകൊണ്ടുതന്നെ ഒരു ജീവനും നിലനിൽക്കുകയില്ല. അപ്രകാരം തന്നെയാണ് സത്യവിശ്വാസത്തിന്റെയും (ഈമാൻ) ദിവ്യബോധനത്തിന്റെയും (വഹ്‌യ്) പ്രകാശം കിട്ടാത്ത സമൂഹവും. ഈയൊരു പ്രകാശം ലഭിക്കാത്ത ഹൃദയം ഉറപ്പായും നിർജീവമായിരിക്കും. അതിൽ ജീവന്റെ ഗുണങ്ങളേയുണ്ടാകില്ല, തീർച്ച!

അല്ലാഹു ജീവനെയും പ്രകാശത്തെയും ചേർത്തുപറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്: "നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും, നാം ഒരു (സത്യ) പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ പുറത്തുകടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ? അങ്ങനെ, സത്യനിഷേധികൾക്ക് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു" (6:122).

അല്ലാഹു പറയുന്നു: "അപ്രകാരംതന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷേ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്" (42:52).

ഈ വചനത്തിൽ 'നാം അതിനെ ആക്കിയിരിക്കുന്നു' എന്നു പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശം 'നമ്മുടെ കൽപന' എന്ന താണെന്നും 'വേദഗ്രന്ഥം' (അൽകിതാബ്) എന്നതാണെന്നും 'സത്യവിശ്വാസം' (അൽഈമാൻ) എന്നാണെന്നുമൊക്കെ വ്യത്യസ്ത അഭിപ്രായങ്ങൾ പറയപ്പെട്ടിട്ടുണ്ട്. എന്നാൽ 'ആത്മാവ്' (അർറൂഹ്) എന്നതാണ് ശരി. അപ്പോൾ 'അതായത് നാം നിനക്ക് വഹ്‌യായി നൽകിയ ആ ആത്മാവിനെ പ്രകാശമാക്കുന്നതാണ്' എന്നായി അതിന്റെ വിവക്ഷ. വഹ്‌യിനെയാണ് 'റൂഹ്' അഥവാ 'ആത്മാവ്' എന്നു പറഞ്ഞിരിക്കുന്നത്. അതുമൂലമുണ്ടാകുന്ന ജീവനെ പരിഗണിച്ചാണ്. അതുമുഖേനയുണ്ടാകുന്ന തെളിച്ചവും വെളിച്ചവും കാരണത്താൽ അതിനെ പ്രകാശവുമാക്കി. ഇവരണ്ടും പരസ്പര പൂരകങ്ങളാണ്. അഥവാ ഈ 'ആത്മാവ്' കൊണ്ട് പ്രസ്തുത ജീവസ്സുണ്ടാകുമ്പോൾ തെളിച്ചവും പ്രകാശവും ഉണ്ടാകുമെന്നതും തെളിച്ചവും വെളിച്ചവുമുണ്ടാകുമ്പോൾ ജീവസ്സുണ്ടാകുന്നു എന്നതും സ്വാഭാവികമാണ്. എന്നാൽ ഏതൊരാളുടെ ഹൃദയം ഈ ആത്മീയചൈതന്യം സ്വീകരിക്കാൻ കൂട്ടാക്കുന്നില്ലയോ അത് നിർജീവവും ഇരുൾമുറ്റിയതുമായിരിക്കും; ഏതൊരാളുടെ ശരീരത്തിൽ നിന്ന് 'ആത്മാവ്' വേർപെട്ടുവോ അതുപോലെ!

അതുകൊണ്ട്തന്നെ അല്ലാഹു തആലാ വെള്ളത്തിന്റെയും തീയിന്റെയും ഉപമകൾ ഒരുമിച്ചു പറഞ്ഞത് ശ്രദ്ധേയമാണ്. വെള്ളംകൊണ്ട് ജീവനും തീകൊണ്ട് വെളിച്ചവും ഉണ്ടാകുന്നതാണല്ലോ. അല്ലാഹു പറയുന്നു: "അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായപ്പോൾ അല്ലാഹു അവരുടെ പ്രകാശം കൊണ്ടുപോവുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു" (2:17)

ഈ വചനത്തിൽ 'അല്ലാഹു അവരുടെ പ്രകാശം കൊണ്ടുപോയി' എന്നാണ് പറഞ്ഞത്. 'അവരുടെ തീ' എന്നു പറഞ്ഞില്ല. എന്തുകൊണ്ടെന്നാൽ തീയിൽ പ്രകാശവും കരിച്ചുകളയലും ഉണ്ടല്ലോ. അപ്പോൾ ഇവിടെ നഷ്ടമായത് പ്രകാശവും വെളിച്ചവുമാണ്. എന്നാൽ അതിലെ ബുദ്ധിമുട്ടും കരിച്ചുകളയലുമെല്ലാം ശേഷിക്കുകയും ചെയ്തു.

ഇപ്രകാരമാണ് കപടവിശ്വാസികളുടെ സ്ഥിതിയും. അവരുടെ ഈമാനിന്റെ പ്രകാശം കാപട്യം കാരണത്താൽ നഷ്ടമായി. അവരുടെ ഹൃദയങ്ങളിൽ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുന്ന അവിശ്വാസവും സന്ദേഹങ്ങളും ആശയക്കുഴപ്പങ്ങളും കാരണത്താൽ ചൂടും കരിയും അതിൽ അവശേഷിക്കുകയും ചെയ്തു.

ഇഹലോകത്തുവെച്ച് അതിന്റെ ചൂടും പുകയും കരിയുമൊക്കെ കൊണ്ട് അവരുടെ ഹൃദയം വെന്തുരുകിയിട്ടുണ്ട് പരലോകത്തുവെച്ച് ഹൃദയങ്ങളിലേക്ക് കടന്നുചെല്ലുന്ന തീക്ഷ്ണമായ നരകാഗ്നിയിൽ അല്ലാഹു അവരെ പ്രവേശിപ്പിക്കും.

ഇഹലോകത്ത് ഈമാനിന്റെ പ്രകാശത്തോടൊപ്പം സഞ്ചരിക്കാതിരുന്നവരുടെ ഉപമയാണിത്. ആ പ്രകാശം ചുറ്റിലും വെളിച്ചം പരത്തിയിട്ടും അതിൽനിന്നും വേറിട്ട് പുറത്തുപോവുകയായിരുന്നു അവർ. അതാണ് മുനാഫിഖിന്റെ (കപടവിശ്വാസിയുടെ) സ്ഥിതി. സത്യം അറിഞ്ഞു; എന്നിട്ടും നിഷേധിച്ചു. പലതും അംഗീകരിച്ചു; ശേഷം നിരാകരിച്ചു. അങ്ങനെ അന്ധതയുടെയും ബധിരതയുടെയും മൂകതയുടെയും ഇരുട്ടുകളിലായി. ഇവരുടെ സഹോദരങ്ങളായ സത്യനിഷേധികളെക്കുറിച്ച് അല്ലാഹു പറഞ്ഞത് പോലെ: "നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവർ ബധിരരും ഊമകളും ഇരുട്ടുകളിൽ അകപ്പെട്ടവരുമത്രെ..."(6:39).

അല്ലാഹു പറയുന്നു: "സത്യനിഷേധികളെ ഉപമിക്കാവുന്നത് വിളിയും തെളിയുമല്ലാതെ മറ്റൊന്നും കേൾക്കാത്ത ജന്തുവിനോട് ഒച്ചയിടുന്നവനോടാകുന്നു. അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാൽ അവർ (യാതൊന്നും) ചിന്തിച്ചു ഗ്രഹിക്കുകയില്ല" (2:171).

തങ്ങൾക്കു ചുറ്റിലും വെളിച്ചം പരത്തിയ പ്രകാശത്തിൽനിന്നും പുറത്തുപോയ കപടവിശ്വാസികളുടെ അവസ്ഥയെ അല്ലാഹു ഉപമിച്ചത്, തീ കത്തിച്ച് അതിന്റെ വെളിച്ചം ചുറ്റിലും പരന്നശേഷം പ്രകാശം കെട്ടുപോയ ഒരാളോടാണ്. കാരണം കപടവിശ്വാസികൾ സത്യവിശ്വാസികളുമായി കൂടിക്കലരുകയും അവരോടൊപ്പം നമസ്കരിക്കുകയും അവരുടെകൂടെ നോമ്പെടുക്കുകയും ക്വുർആൻ ശ്രവിക്കുകയും ഇസ്‌ലാമിന്റെ പല പ്രഭാവവങ്ങൾക്കുമൊക്കെ സാക്ഷിയാവുകയും ചെയ്തവരാണ്. അങ്ങനെ അവർ നേരിട്ട് ആ വെളിച്ചം കാണുകയും

**അല്ലാഹു ആകാശഭൂമികളിലുള്ള അവന്റെ പ്രകാശത്തെക്കുറിച്ച് പറഞ്ഞു. സത്യവിശ്വാസികളായ തന്റെ ദാസന്മാരുടെ ഹൃദയങ്ങളിലുള്ള അവന്റെ പ്രകാശത്തെയും പ്രതിപാദിച്ചു. ഹൃദയങ്ങളും അകക്കണ്ണുകളും പ്രകാശിക്കുന്ന, ഹൃദയങ്ങൾകൊണ്ടും അകക്കണ്ണുകൾകൊണ്ടും കാണാനും ഗ്രഹിക്കുവാനും പറ്റുന്ന പ്രകാശത്തെക്കുറിച്ചും കണ്ണുകൾകൊണ്ട് കണ്ട് അനുഭവിച്ചറിയുന്ന,ലോകം മുഴുവൻ പ്രകാശിക്കുന്ന പ്രകാശത്തെക്കുറിച്ചും പറഞ്ഞു. അവ രണ്ടും വലിയ പ്രകാശങ്ങളാണ്. ഒന്ന് മറ്റേതിനെക്കാൾ കുറേകൂടി മനോഹരമാണ്.**

പ്രകാശം അറിയുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് അവരെക്കുറിച്ച് അല്ലാഹു ഇപ്രകാരം പറഞ്ഞത്: '...അവർ മടങ്ങുകയില്ല (2:18). കാരണം ഇസ്‌ലാമുമായി ഇടപഴകുകയും അതിന്റെ പ്രകാശം അനുഭവിക്കുകയും ചെയ്തശേഷം അതിനെ വിട്ടുപോയവരാണ് അവർ. അതിനാൽ അവർ അതിലേക്ക് മടങ്ങിവരികയില്ല.

അവിശ്വാസികളെക്കുറിച്ച് അല്ലാഹു പറഞ്ഞതാകട്ടെ 'അവർ ചിന്തിക്കുന്നില്ല' (2:17) എന്നാണ്. കാരണം അവർ ഇസ്‌ലാമിനെ ഗ്രഹിക്കുകയോ ഇസ്‌ലാമിൽ പ്രവേശിക്കുകയോ അതിന്റെ പ്രകാശം അനുഭവിച്ചറിയുകയോ ചെയ്തിട്ടില്ല. പ്രത്യുത അവരിപ്പോഴും അവിശ്വാസത്തിന്റെ ഇരുട്ടുകളിൽതന്നെ ബധിരരും മൂകരും അന്ധരുമായി തുടരുകയാണ്.

തന്റെ വചനങ്ങളെഹൃദയങ്ങളുടെ രോഗങ്ങൾക്ക് ശമനമായും ഈമാനിലേക്കും അതിന്റെ യാഥാർഥ്യങ്ങളിലേക്കുമുള്ള വിളികളായും ശാശ്വതമായ ജീവിതത്തിലേക്കും അനശ്വരമായ അനുഗ്രഹങ്ങളിലേക്കും ക്ഷണിക്കുന്നതായും സന്മാർഗത്തിലേക്കുള്ള വഴികാട്ടിയായും നിശ്ചയിച്ച അല്ലാഹു എത്രയോ പരിശുദ്ധൻ!**(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 54, ഭാഗം 4

# അൽക്വമർ (ചന്ദ്രൻ)

(മക്കയിൽ അവതരിച്ചത്)

إِنَّا مُرْسِلُوا۟ ٱلنَّاقَةِ فِتْنَةً لَّهُمْ فَٱرْتَقِبْهُمْ وَٱصْطَبِرْ ﴿٢٧﴾

وَنَبِّئْهُمْ أَنَّ ٱلْمَآءَ قِسْمَةٌۢ بَيْنَهُمْ ۖ كُلُّ شِرْبٍ مُّحْتَضَرٌ ﴿٢٨﴾

فَنَادَوْا۟ صَاحِبَهُمْ فَتَعَاطَىٰ فَعَقَرَ ﴿٢٩﴾

فَكَيْفَ كَانَ عَذَابِى وَنُذُرِ ﴿٣٠﴾

إِنَّآ أَرْسَلْنَا عَلَيْهِمْ صَيْحَةً وَٰحِدَةً فَكَانُوا۟ كَهَشِيمِ ٱلْمُحْتَظِرِ ﴿٣١﴾

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿٣٢﴾

كَذَّبَتْ قَوْمُ لُوطٍۭ بِٱلنُّذُرِ ﴿٣٣﴾

إِنَّآ أَرْسَلْنَا عَلَيْهِمْ حَاصِبًا إِلَّآ ءَالَ لُوطٍ ۖ نَّجَّيْنَٰهُم بِسَحَرٍ ﴿٣٤﴾

نِّعْمَةً مِّنْ عِندِنَا ۚ كَذَٰلِكَ نَجْزِى مَن شَكَرَ ﴿٣٥﴾

وَلَقَدْ أَنذَرَهُم بَطْشَتَنَا فَتَمَارَوْا۟ بِٱلنُّذُرِ ﴿٣٦﴾

27.(അവരുടെ പ്രവാചകൻ സ്വാലിഹിനോട് നാം പറഞ്ഞു:) തീർച്ചയായും അവർക്ക് ഒരു പരീക്ഷണമെന്ന നിലയിൽ നാം ഒട്ടകത്തെ അയക്കുകയാകുന്നു. അതുകൊണ്ട് നീ അവരെ നിരീക്ഷിച്ച് കൊണ്ടിരിക്കുക. ക്ഷമ കൈക്കൊള്ളുകയും ചെയ്യുക.

28.വെള്ളം അവർക്കിടയിൽ (അവർക്കും ഒട്ടകത്തിനുമിടയിൽ) പങ്കുവെക്കപ്പെട്ടതാണ് എന്ന് നീ അവർക്ക് വിവരം അറിയിക്കുകയും ചെയ്യുക. ഓരോരുത്തരുടെയും ജലപാനത്തിന്നുള്ള ഊഴത്തിൽ (അതിന്ന് അവകാശപ്പെട്ടവർ) ഹാജരാകേണ്ടതാണ്.

29.അപ്പോൾ അവർ അവരുടെ ചങ്ങാതിയെ വിളിച്ചു. അങ്ങനെ അവൻ (ആ കൃത്യം) ഏറ്റെടുത്തു. (ആ ഒട്ടകത്തെ) അറുകൊലചെയ്തു.

30.അപ്പോൾ എന്റെ ശിക്ഷയും എന്റെ താക്കീതുകളും എങ്ങനെയായിരുന്നു (എന്നു നോക്കുക).

31. നാം അവരുടെ നേരെ ഒരു ഘോരശബ്ദം അയക്കുക തന്നെ ചെയ്തു. അപ്പോൾ അവർ ആല വളച്ച് കെട്ടുന്നവർ വിട്ടേച്ചുപോയ ചുള്ളിത്തുരുമ്പുകൾ പോലെ ആയിത്തീർന്നു.

32.തീർച്ചയായും ആലോചിച്ചു മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?

33.ലൂത്വിന്റെ ജനത താക്കീതുകളെ നിഷേധിച്ചുകളഞ്ഞു.

34.തീർച്ചയായും നാം അവരുടെ നേരെ ഒരു ചരൽകാറ്റ് അയച്ചു. ലൂത്വിന്റെ കുടുംബം അതിൽനിന്ന് ഒഴിവായിരുന്നു. രാത്രിയുടെ അന്ത്യവേളയിൽ നാം അവരെ രക്ഷപ്പെടുത്തി.

35.നമ്മുടെ പക്കൽനിന്നുള്ള ഒരു അനുഗ്രഹമെന്ന നിലയിൽ. അപ്രകാരമാകുന്നു നന്ദികാണിച്ചവർക്ക് നാം പ്രതിഫലം നൽകുന്നത്.

36.നമ്മുടെ ശിക്ഷയെപറ്റി അദ്ദേഹം (ലൂത്വ്) അവർക്കു താക്കീത് നൽകുകയുണ്ടായി. അപ്പോൾ അവർ താക്കീതുകൾ സംശയിച്ച് തള്ളുകയാണ് ചെയ്തത്.

وَلَقَدْ رَٰوَدُوهُ عَن ضَيْفِهِۦ فَطَمَسْنَآ
أَعْيُنَهُمْ فَذُوقُوا۟ عَذَابِى وَنُذُرِ ﴿٣٧﴾
وَلَقَدْ صَبَّحَهُم بُكْرَةً
عَذَابٌ مُّسْتَقِرٌّ ﴿٣٨﴾
فَذُوقُوا۟ عَذَابِى وَنُذُرِ ﴿٣٩﴾
وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ
فَهَلْ مِن مُّدَّكِرٍ ﴿٤٠﴾

37.അദ്ദേഹത്തോട് (ലൂത്വിനോട്) അദ്ദേഹത്തിന്റെ അതിഥികളെ (ദുർവൃത്തിക്കായി) വിട്ടുകൊടുക്കുവാനും അവർ ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ അവരുടെ കണ്ണുകളെ നാം തുടച്ചുനീക്കി. എന്റെ ശിക്ഷയും എന്റെ താക്കീതുകളും നിങ്ങൾ അനുഭവിച്ചുകൊള്ളുക (എന്ന് നാം അവരോട് പറഞ്ഞു).

38.അതിരാവിലെ അവർക്ക് സുസ്ഥിരമായ ശിക്ഷ വന്നെത്തുകതന്നെ ചെയ്തു.

39.എന്റെ ശിക്ഷയും എന്റെ താക്കീതുകളും നിങ്ങൾ അനുഭവിച്ചുകൊള്ളുക (എന്ന് നാം അവരോട് പറഞ്ഞു).

40.തീർച്ചയായും ആലോചിച്ചു മനസ്സിലാക്കുന്നതിന് ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?

27. അവരുടെ അക്രമം ശക്തമായപ്പോൾ അല്ലാഹു അവരെ ശിക്ഷിച്ചതിൽ യാതൊരു തകരാറുമില്ല. അവർക്കുള്ള അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹവും ദൃഷ്ടാന്തവും കാരുണ്യവുമായി ഒരു ഒട്ടകത്തെ അല്ലാഹു അയച്ചു. അതിന്റെ അകിടിൽ നിന്ന് അവർക്കെല്ലാം ആവശ്യമായത് അവർ കറന്നെടുത്തു. (അവർക്കൊരു പരീക്ഷണമെന്ന നിലയിൽ) അതായത് അല്ലാഹുവിൽനിന്ന് അവർക്കുള്ള പരീക്ഷയും പരീക്ഷണവും. (നീ അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ക്ഷമ കൈകൊള്ളുകയും ചെയ്യുക) നീ അവരോട് ചെയ്യുന്ന പ്രബോധനത്തിൽ നീ ക്ഷമയവലംബിക്കുക. അവർക്ക് വരാനുള്ളത് നീ കാത്തിരിക്കുകയും ചെയ്യുക. അല്ലെങ്കിൽ അവർ വിശ്വസിക്കുമോ എന്ന് നീ കാത്തിരിക്കുക.

28. (വെള്ളം അവർക്കിടയിൽ- അവർക്കും ആ ഒട്ടകത്തിനും ഇടയിൽ-പങ്കുവെക്കപ്പെട്ടതാണെന്ന് നീ അവർക്ക് വിവരം അറിയിക്കുകയും ചെയ്യുക) അവരെ അറിയിക്കണം; വെള്ളം, അതായത് വെള്ളം കുടിക്കുന്ന സ്ഥലം അത് ഒട്ടകത്തിനും അവർക്കുമായി വീതിക്കണം എന്ന്. ഒരു നിശ്ചിതദിവസം ഒട്ടകത്തിനും ഒരു ദിവസം അവർക്കും. (ഓരോരുത്തരുടെയും ജലപാനത്തിന്നുള്ള ഊഴത്തിൽ ഹാജരാകേണ്ടതാണ്) തന്റെ വിഹിതത്തിന്റെ സമയത്ത് വരികയും അല്ലാത്ത ദിവസം വരാതിരിക്കുകയും ചെയ്യണം.

29. (അപ്പോൾ അവർ അവരുടെ ചങ്ങാതിയെ വിളിച്ചു) അതിനെ അറുത്ത വ്യക്തിയെ. ആ ഗോത്രത്തിലെ ഏറ്റവും ദുഷ്ടൻ. (അങ്ങനെ അവൻ ഏറ്റടുത്തു) അവനോട് അറുക്കാൻ പറഞ്ഞവരെ അവൻ അനുസരിച്ചു. (അറുകൊലചെയ്തു).

30-32. (അപ്പോൾ നമ്മുടെ ശിക്ഷയും നമ്മുടെ താക്കിതും എങ്ങനെയായിരുന്നു?) അത് കഠിനശിക്ഷ തന്നെയായിരുന്നു. അവരുടെമേൽ അല്ലാഹു ഒരു ഘോരശബ്ദവും ഒരു വിറപ്പിക്കലും അയച്ചു. അങ്ങനെ അവരിലെ അവസാനത്തവനെയും അത് നശിപ്പിച്ചു. സ്വാലിഹ് നബിﷺയെയും അദ്ദേഹത്തിന്റെ കൂടെ വിശ്വസിച്ചവരെയും അല്ലാഹു രക്ഷിച്ചു. (തീർച്ചയായും ആലോചിച്ചു മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവനായി ആരെങ്കിലുമുണ്ടോ?)

33-40. (ലൂത്വിന്റെ ജനത നിഷേധിച്ചുകളഞ്ഞു) ഏകനും യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ ലൂത്വ് നബിﷺ അവരെ ക്ഷണിച്ചു. ശിർക്കിൽ നിന്നും മുമ്പൊരാളും ചെയ്യാത്ത നീചവൃത്തിയിൽനിന്നും അവരെ വിലക്കുകയും ചെയ്തു. അപ്പോൾ അവർ അദ്ദേഹത്തെ കളവാക്കുകയും അവരുടെ ശിർക്കും തോന്ന്യാസങ്ങളും തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു. അതിഥികളുടെ രൂപത്തിൽ മലക്കുകൾ അദ്ദേഹത്തിന്റെ അടുക്കൽവന്നു. അത് അദ്ദേഹത്തിന്റെ ജനതയറിഞ്ഞു. അവരെ നീചവൃത്തിക്ക് ഉപയോഗിക്കാനായി അവർ ഉടൻ വന്നു. അല്ലാഹു അവരെ ശപിക്കുകയും വഷളാക്കുകയും ചെയ്യട്ടെ! അവർ ആ അതിഥികളെ വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടു. അല്ലാഹു ജിബ്രീലിനോട് കൽപിച്ചു. ജിബ്രീൽﷺ തന്റെ ചിറകുകൊണ്ട് അവരുടെ കണ്ണുകൾ പൊട്ടിച്ചു. അല്ലാഹുവിന്റെ പിടിത്തത്തെക്കുറിച്ചും ശിക്ഷയെക്കുറിച്ചും അവരുടെ പ്രവാചകൻ അവരെ താക്കിത് ചെയ്തു. (അപ്പോൾ ആ താക്കിതുകളെ അവർ സംശയിച്ചു തള്ളി).

(അതിരാവിലെ അവർക്ക് സുസ്ഥിരമായ ശിക്ഷ വന്നെത്തുകതന്നെ ചെയ്തു) അവരുടെ ഭവനങ്ങളെ അല്ലാഹു കീഴ്മേൽ മറിച്ചു. അടിഭാഗങ്ങൾ മറിച്ച് മുകളിലാക്കി. അതിരുവിട്ടവരെ പ്രത്യേകം അടയാളംവെച്ച ചുളക്കല്ലുകൾകൊണ്ട് തുടർച്ചയായി എറിഞ്ഞുകൊണ്ടിരുന്നു. ഏറ്റവും വലിയ ദുരിതത്തിൽനിന്നും അല്ലാഹു ലൂത്വിനെയും കൂടെയുള്ളവരെയും രക്ഷിച്ചു. അവർ തങ്ങളുടെ രക്ഷിതാവിനോട് കാണിച്ച നന്ദിക്കും അവനെ മാത്രം ആരാധിച്ചതിനുമുള്ള പ്രതിഫലം.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# വാർധക്യം; ചില ഓർമപ്പെടുത്തലുകൾ

മനുഷ്യായുസ്സിൽ നാല് ഘട്ടങ്ങളുണ്ട്; ബാല്യം, കൗമാരം, യൗവനം, വാർധക്യം. ഓരോന്നും കടന്നുപോകുന്നത് വ്യത്യസ്തവും വൈവിധ്യവുമായ തലങ്ങളിലൂടെയാണ്.

ബാല്യം തീർത്തും മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പരിഗണനയും സ്നേഹലാളനകളും അനുഭവിച്ചുമാത്രം കടന്നുപോകുന്നു. എന്നാൽ കൗമാരം കുടുംബത്തിൽനിന്നും മാതാപിതാക്കളിൽനിന്നും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെയും സ്വന്തത്തെക്കുറിച്ച് അഭിമാനം നടിച്ചും ശരീരത്തിലും വസ്ത്രധാരണത്തിലും ഭക്ഷണവിഭവങ്ങളിലും ആസ്വാദനം കണ്ടെത്തിയും ജീവിതത്തിലെ ആസ്വാദന സമയമായി കഴിച്ചുകൂട്ടുന്നു. യുവത്വം ജീവിതത്തിലെ

ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘട്ടമാണ്. ബുദ്ധിയും വിവേകവും ഒരുമിച്ചുകൂടുകയും ചിന്തകളും പ്രവർത്തനങ്ങളും ഒത്തുചേരുകയും ജീവിതരീതിയെയും ജീവിതാഭിലാഷങ്ങളും ചിട്ടപ്പെടുത്തുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന മനുഷ്യായുസ്സിലെ പ്രധാനമുഹൂർത്തം ഇതുതന്നെയാണ്. ഏറ്റവും ഒടുവിലത്തെത് വാർധക്യമാണ്. പരാശ്രയം കൂടാതെ ജീവിക്കാൻ സാധിക്കാത്ത ഘട്ടം. ഇതാണ് ഏറ്റവും പ്രയാസമേറിയതും കൈപ്പേറിയതുമായ ഘട്ടവും.

മനുഷ്യജീവിതത്തിലെ ഈ നാല് ഘട്ടങ്ങളും അല്ലാഹുവിന്റെ നടപടിക്രമങ്ങളുടെ ഭാഗമാണ്. അല്ലാഹു പറയുന്നു: "നിങ്ങളെ ബലഹീനമായ അവസ്ഥയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്ക് ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും" (ക്വുർആൻ 30:54).

പക്ഷിമൃഗാദികൾ ജനിക്കുമ്പോൾതന്നെ അവയ്ക്ക് അത്യാവശ്യമായ പല കഴിവുകളും നൽകപ്പെട്ടിരിക്കുന്നതായി കാണാം. എന്നാൽ, ഭൂമിയിലെ സൃഷ്ടികളിൽ ഉന്നതസ്ഥാനം വഹിക്കുന്നവൻ എന്ന് അഹങ്കരിക്കുന്ന മനുഷ്യനോ? യാതൊരു കഴിവും അറിവും ഇല്ലാത്തവനായിട്ടാണ് അവൻ പിറക്കുന്നത്. ക്രമേണ അവൻ അറിവും ശക്തിയും ആർജിക്കുകയും, ഇതര സൃഷ്ടിജാലങ്ങളുടെ മേൽ മേൽക്കോയ്മ നേടാൻതക്കവണ്ണം യോഗ്യനായിത്തീരുകയും ചെയ്യുന്നു. കുറെ കഴിയുമ്പോൾ വീണ്ടും ഗതി കീഴ്പോട്ടൊഴുകുന്നു. ഒടുവിൽ പിറന്നപ്പോഴത്തെ അവസ്ഥയിലേക്കുതന്നെ തിരിച്ചുചെല്ലുന്നു. മനുഷ്യന്റെ പുനരുത്ഥാനത്തിനും സ്രഷ്ടാവായ അല്ലാഹുവിന്റെ സർവജ്ഞതക്കും അപാരമായ കഴിവിനും ഇതു മതിയായ തെളിവാകുന്നു.

ഉപരിസൂചിത ക്വുർആൻ സൂക്തത്തിൽ പരാമർശിച്ചതുപോലെ അല്ലാഹു മനുഷ്യനെ ബലഹീനമായ അവസ്ഥയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കി, ശേഷം ആരോഗ്യവും ബുദ്ധിയും കഴിവും ശക്തിയും ചിന്താശേഷിയും നൽകി വളർത്തികൊണ്ടുവരുന്നു. അതിന് ശേഷം വീണ്ടും പഴയ അവസ്ഥയിലേക്കുതന്നെ അല്ലാഹു മനുഷ്യനെ തിരികെ കൊണ്ടുപോകുന്നു. ഇതിൽ മനുഷ്യർക്ക് ചിന്തിക്കാനേറെയുണ്ട്.

ഒന്നുമല്ലാത്ത അവസ്ഥയിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചവനാണ് അല്ലാഹു. എന്നിട്ട് കാഴ്ചശക്തിയും കേൾവിശക്തിയും മനുഷ്യന് അവൻ നൽകി. അല്ലാഹു പറയുന്നു:

"മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെമേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷിക്കുവാനായിട്ട് അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു" (ക്വുർആൻ 76:1,2).

അല്ലാഹുവിന്റെ സൃഷ്ടികളായ മനുഷ്യർ ഈ ഭൂമുഖത്ത് എത്രകാലം ജീവിക്കണം എന്ന് തീരുമാനിക്കുന്നതും അല്ലാഹു തന്നെ. അല്ലാഹു പറയുന്നു:

"അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. പിന്നീട് അവൻ നിങ്ങളെ മരിപ്പിക്കുന്നു. നിങ്ങളിൽ ചിലർ ഏറ്റവും അവശമായ പ്രായത്തിലേക്ക് തള്ളപ്പെടുന്നു; (പലതും) അറിഞ്ഞതിനുശേഷം യാതൊന്നും അറിയാത്ത അവസ്ഥയിൽ എത്തത്തക്കവണ്ണം. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും എല്ലാ കഴിവുമുള്ളവനുമാകുന്നു" (ക്വുർആൻ 16:70).

> **പക്ഷിമൃഗാദികൾ ജനിക്കുമ്പോൾതന്നെ അവയ്ക്ക് അത്യാവശ്യമായ പല കഴിവുകളും നൽകപ്പെട്ടിരിക്കുന്നതായി കാണാം. എന്നാൽ, ഭൂമിയിലെ സൃഷ്ടികളിൽ ഉന്നതസ്ഥാനം വഹിക്കുന്നവൻ എന്ന് അഹങ്കരിക്കുന്ന മനുഷ്യനോ? യാതൊരു കഴിവും അറിവും ഇല്ലാത്തവനായിട്ടാണ് അവൻ പിറക്കുന്നത്. ക്രമേണ അവൻ അറിവും ശക്തിയും ആർജിക്കുകയും, ഇതര സൃഷ്ടിജാലങ്ങളുടെ മേൽ മേൽക്കോയ്മ നേടാൻതക്കവണ്ണം യോഗ്യനായിത്തീരുകയും ചെയ്യുന്നു. കുറെ കഴിയുമ്പോൾ വീണ്ടും ഗതി കീഴ്പോട്ടൊഴുകുന്നു. ഒടുവിൽ പിറന്നപ്പോഴത്തെ അവസ്ഥയിലേക്കുതന്നെ തിരിച്ചുചെല്ലുന്നു. മനുഷ്യന്റെ പുനരുത്ഥാനത്തിനും സ്രഷ്ടാവായ അല്ലാഹുവിന്റെ സർവജ്ഞതക്കും അപാരമായ കഴിവിനും ഇതു മതിയായ തെളിവാകുന്നു.**

മനുഷ്യരെ സൃഷ്ടിച്ച അല്ലാഹുതന്നെ അവന്റെ ആയുഷ്കാലവും നിയന്ത്രിക്കുന്നു. ചിലർ ചെറുപ്പത്തിലേ മരണമടയുന്നു. ചിലർ ഏതാനും വയസ്സുവരെ ജീവിക്കുന്നു. ചിലരാകട്ടെ, സാധാരണയിൽ കവിഞ്ഞ ദീർഘായുസ്സ് നൽകപ്പെട്ടവരായിരിക്കും. അങ്ങനെ, മുമ്പ് അവർക്കുണ്ടായിരുന്ന അറിവും തന്റേടവും നഷ്ടപ്പെടുകയും, ഗ്രഹണേന്ദ്രിയങ്ങൾ ക്ഷയിച്ചു ശിശുക്കൾ കണക്കെ ആയിത്തീരുകയും ചെയ്യുന്നു. ഒരാൾ ദൃഢഗാത്രനും ആരോഗ്യവാനുമായതുകൊണ്ടോ മറ്റോ ദീർഘകാലം ജീവിക്കുമെന്നോ, വേറൊരാൾ അവശഗാത്രനും ആരോഗ്യം കുറഞ്ഞവനുമായതുകാണ്ട് നേരത്തെ മരണമടയുമെന്നോ നിശ്ചയിക്കുക സാധ്യമല്ല. എല്ലാം അല്ലാഹുവിന്റെ നിശ്ചയം അനുസരിച്ചു നടക്കുന്നുവെന്നുമാത്രം.

അല്ലാഹു പറയുന്നു: "വല്ലവന്നും നാം ദീർഘായുസ്സ് നൽകുന്നുവെങ്കിൽ അവന്റെ പ്രകൃതി നാം തലതിരിച്ചു കൊണ്ടുവരുന്നു. എന്നിരിക്കെ അവർ ചിന്തിക്കുന്നില്ലേ?" (ക്വുർആൻ 36:68).

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും, പിന്നീട് ബീജത്തിൽനിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപംനൽകപ്പെട്ടതും രൂപംനൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽനിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണ ശക്തി പ്രാപിക്കുന്നതു വരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്..." (ക്വുർആൻ 22:5).

വാർധക്യം എന്നത് ഒരു മനുഷ്യന്റെ ഇഹലോക ജീവിതത്തിലെ ഏറ്റവും അവസാനത്തെ ഘട്ടമാണ്. അതുകൊണ്ടു തന്നെ ഈ ഒരു ഘട്ടത്തിലെത്തിയ ആണാകട്ടെ പെണ്ണാകട്ടെ മറ്റുള്ളവരിൽനിന്നുള്ള പരിഗണനയും സ്നേഹവും കാരുണ്യവും ആഗ്രഹിക്കുകയും കൊതിക്കുകയും ചെയ്തുകൊണ്ടിരിക്കും.

വാർധക്യത്തിലെത്തിയവർ ശാരീരികമായും മാനസികമായും ചെറിയ കുട്ടികളെപ്പോലെയായിരിക്കും. കൊച്ചുകൊച്ചു കാര്യങ്ങൾക്ക് പോലും അവർ ദേഷ്യപ്പെടുകയും സങ്കടപ്പെടുകയും കരയുകയും ചെയ്യും. ഗൗരവമുള്ള കാര്യങ്ങളിൽ അങ്ങേയറ്റം വിഷമിക്കുകയും ചെയ്യും. മക്കൾ തങ്ങളെ വന്ന് കണ്ടില്ലെങ്കിലും, ആഗ്രഹിച്ച വല്ലതും കിട്ടാതിരുന്നാലും തങ്ങൾ പരിഗണിക്കപ്പെടുന്നില്ല എന്ന തോന്നലുണ്ടായാലും അവരുടെ മുഖം വാടും.

തങ്ങളുടെ ആവശ്യങ്ങൾ നിർവഹിച്ചുകിട്ടുന്നില്ലെങ്കിൽ, തങ്ങളുടെ വാക്കുകൾക്ക് മക്കൾ വില കൽപിക്കുന്നില്ലെങ്കിൽ അത് അവരുടെ മനസ്സിലെ വല്ലാതെ വേദനിപ്പിക്കും. അവഗണന എന്നത് ഏതു പ്രായത്തിൽ പെട്ടവരും ഇഷ്ടപ്പെടാത്ത കാര്യമാണല്ലോ.

ക്വുർആൻ വാർധക്യത്തിലെത്തിയവരോട് കാണിക്കേണ്ട മര്യാദകളും കടമകളും പറയുന്നത് പറഞ്ഞുതരുന്നത് നോക്കൂ:



"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽവെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക" (17:23).

ഈ വചനത്തിലൂടെ അല്ലാഹു പറയുന്ന കാര്യങ്ങൾ നമുക്ക് പരിശോധിക്കാം:

(1). അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കരുത്.

ഇതിന്റെ പ്രാധാന്യത്തെക്കുറിച്ചു കൂടുതൽ വിവരിക്കേണ്ട ആവശ്യമില്ല.

(2) മാതാപിതാക്കളോടു നന്മചെയ്യണം.

(3) അവരോട് മാന്യമായി മാത്രം സംസാരിക്കണം; വാർധക്യം പ്രാപിച്ചാൽ പ്രത്യേകിച്ചും ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. അവർക്ക് വെറുപ്പുതോന്നുന്ന രീതിൽ ഒരു വാക്കും അവരോട് ഉച്ചരിച്ചുകൂടാ.

അവർ മക്കളുടെ ജന്മത്തിനു കാരണക്കാരാണ്. ഒട്ടേറെ പ്രയാസങ്ങൾ സഹിച്ചുകൊണ്ടാണ് മക്കളെ അവർ പരിപാലിച്ചു വളർത്തിയിട്ടുള്ളത്. അല്ലാഹുവിനോടു മനുഷ്യനുള്ള ഏറ്റവും മഹത്തായ കടമയെക്കുറിച്ചു പ്രസ്താവിച്ച ഉടനെത്തന്നെ അതോടുചേർത്തുകൊണ്ടു മാതാപിതാക്കളോടു മക്കൾ നിറവെറ്റേണ്ടുന്ന കടമയെക്കുറിച്ചു പ്രസ്താവിച്ചതിൽനിന്ന് അവരോടുള്ള കടമകൾക്കു അല്ലാഹു കൽപിച്ച പ്രധാന്യം എത്ര വമ്പിച്ചതാണെന്നു മനസ്സിലാക്കാവുന്നതാണ്. വേറെയും ചില വചനങ്ങളിൽ ഈ രണ്ടു കാര്യങ്ങളും ഇതുപോലെ അല്ലാഹു കൂട്ടിച്ചേർത്തു പ്രസ്താവിച്ചിരിക്കുന്നത് കാണാം. ചില സ്ഥലങ്ങളിൽ അല്ലാഹുവിന്റെ വക ഒരു വസ്വിയ്യത്തുകൂടിയായിട്ടാണ് മാതാപിതാക്കൾക്കു നന്മചെയ്യുന്ന കാര്യം അല്ലാഹു പ്രസ്താവിച്ചിരിക്കുന്നത് എന്നു കാണാം.

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ചുപോകരുത്. എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്" (ക്വുർആൻ 29:8).

"മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്-എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം" (ക്വുർആൻ 31:14).

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലും കൂടി മുപ്പത് മാസക്കാലമാകുന്നു. അങ്ങനെ അവൻ തന്റെ പൂർണശക്തി പ്രാപിക്കുകയും നാൽപത് വയസ്സിലെത്തുകയും ചെയ്താൽ ഇപ്രകാരം പറയും: എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു" (ക്വുർആൻ 46:15).

മാതാപിതാക്കൾക്കു നന്മ ചെയ്യണമെന്നു കൽപിച്ചു മതിയാക്കാതെ, അതിനൊരു രൂപരേഖയൊന്നോണം തുടർന്നു ചില കാര്യങ്ങൾ വിവരിക്കുകയും ചെയ്തിരിക്കുന്നു:

(1) മാതാപിതാക്കളോട് 'ഛെ!' എന്നിങ്ങനെയുള്ള അറപ്പിന്റെയും വെറുപ്പിന്റെയും വാക്കുകൾ പറഞ്ഞുകൂടാ. എക്കാലത്തും അവരോടു കാണിക്കേണ്ട് ഒരു മര്യാദ തന്നെയാണിത്. എങ്കിലും പ്രായാധിക്യം നേരിടുമ്പോൾ അവരുടെ വാക്കിലും പെരുമാറ്റത്തിലുമൊക്കെ ചെറുപ്പക്കാരായ മക്കൾക്കു രുചിക്കാത്ത പലതും കൂടുതൽ അനുഭവപ്പെടുക സ്വാഭാവികമായിരിക്കും. അതുകൊണ്ടാണ് പ്രായാധിക്യം വരുമ്പോഴത്തെ കാര്യം പ്രത്യേകം അല്ലാഹു എടുത്തുപറഞ്ഞിരിക്കുന്നത്.

(2) അവരോടു കയർത്തു സംസാരിക്കുകയോ പരുഷവാക്കുകൾ പറയുകയോ ചെയ്യരുത്.

(3) അവരോടു സംസാരിക്കുന്നതു മാന്യമായ വാക്കുകളിലായിരിക്കുക കൂടി വേണം. അഥവാ, അച്ചടക്കവും മര്യാദയും ബഹുമാനവും പ്രകടമാവുന്ന വാക്കുകളായിരിക്കണം ഉപയോഗിക്കുന്നത്.

ഈ 'മാന്യമായ വാക്കു' കൊണ്ട് എന്താണുദ്ദേശ്യമെന്നു ചോദിക്കപ്പെട്ടപ്പോൾ, സഈദുബ്നുൽ മുസ്വയ്യബ് (റഹി) ഇപ്രകാരം മറുപടി പറഞ്ഞതായി ഇബ്നു ജരീർ(റഹി) നിവേദനം ചെയ്തിരിക്കുന്നു: "പാപം ചെയ്ത അടിമ കഠിന സ്വഭാവിയായ യജമാനനോടു പറയും പ്രകാരമുള്ള വാക്ക്."

അല്ലാഹു ഒരിക്കലും പൊറുക്കാത്ത മഹാപാപമാണല്ലോ ശിർക്ക്. ആ ശിർക്ക് ചെയ്യുവാൻ വല്ല മാതാപിതാക്കളും മക്കളോട് നിർബന്ധം ചെലുത്തിയാൽ ആ വിഷയത്തിൽ അവരെ അനുസരിക്കരുതെന്നു കൽപിച്ചതോടൊപ്പം തന്നെ, അവരെ ഇഹലോകവിഷയങ്ങളിൽ അനുസരിക്കുകയും അവരോട് നല്ല നിലയിൽ സഹവസിക്കുകയും വേണം എന്നുകൂടി അല്ലാഹു കൽപിച്ചിരിക്കുന്നു.

(4) അവർക്കു എളിമയാകുന്ന ചിറകു താഴ്ത്തിക്കൊടുക്കണം. തള്ളക്കോഴി അതിന്റെ കുഞ്ഞുങ്ങളോടുള്ള സ്നേഹവാത്സല്യം നിമിത്തം അതിന്റെ ചിറകുവിടർത്തി താഴ്ത്തിക്കൊടുത്തുകൊണ്ട് അതിനുള്ളിൽ അവയെ അണച്ചുകൂട്ടാറുള്ളതിനോടു ഉപമിച്ചുകൊണ്ടുള്ള ഒരു അലങ്കാരപ്രയോഗമാണ് 'ചിറകു താഴ്ത്തൽ.' ഒരുകാലത്ത് സ്നേഹവാത്സല്യത്തോടുകൂടി അവർ ഇങ്ങോട്ടു പെരുമാറിയപോലെ, അവരുടെ വാർധക്യത്തിൽ അവരോട് അങ്ങോട്ട് താഴ്മയോടും വിനയത്തോടും പെരുമാറണമെന്നു താൽപര്യം. ഇതു കേവലം ഒരു പ്രകടനമോ അഭിനയമോ ആയിക്കൂടാ. അവരോടുള്ള കാരുണ്യത്തിൽനിന്നും കൃപയിൽനിന്നും ഉടലെടുത്തതായിരിക്കുകയും വേണം എന്നുകൂടി അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അതാണു 'കാരുണ്യം നിമിത്തം' എന്ന വാക്കു സൂചിപ്പിക്കുന്നത്.

(5) അവർക്കുവേണ്ടി, 'എന്റെ രക്ഷിതാവേ, അവർ രണ്ടാളും എന്നെ ചെറുപ്പത്തിൽ വളർത്തിയുണ്ടാക്കിയതുപോലെ നീ അവരോടു കരുണ ചെയ്യേണമേ!' എന്നു പ്രാർഥിക്കണം. അവർക്കുവേണ്ടി പ്രാർഥിക്കണമെന്നോ മറ്റോ പറഞ്ഞുമതിയാക്കാതെ, പ്രാർഥിക്കേണ്ട മാതൃകകൂടി അല്ലാഹു കാണിച്ചുതന്നിരിക്കുകയാണ്. 'എന്റെ ശൈശവത്തിലും ബാല്യത്തിലും എന്നെ വളർത്തിവലുതാക്കുവാൻ അവർക്ക് വളരെയധികം ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിൽ അവരോടുള്ള എന്റെ കടപ്പാട് വേണ്ടതുപോലെ നിർവഹിക്കുവാൻ എനിക്ക് സാധ്യമല്ല. അതുകൊണ്ട് അതിന്റെ പേരിൽ നീ തന്നെ നിന്റെ കാരുണ്യം അവരിൽ ചൊരിയേണമേ' എന്നാണാ പ്രാർഥനയുടെ താൽപര്യം.

മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോൾ മാത്രമല്ല, അവരുടെ മരണശേഷവും മക്കൾക്കു അവരോടു ചില കടപ്പാടുകളുണ്ട്. അവയിൽ ഒന്നത്രെ അവർക്കുവേണ്ടിയുള്ള പ്രാർഥന.

'എന്റെ മാതാപിതാക്കൾ മരണപ്പെട്ടശേഷം അവർക്കു ഞാൻ ചെയ്യേണ്ടുന്ന വല്ല പുണ്യവും എന്റെ മേൽ ബാക്കിയുണ്ടോ?' എന്നു ഒരാൾ നബിﷺയോടു ചോദിച്ചു. അപ്പോൾ തിരുമേനിﷺ ഇങ്ങനെ മറുപടി പറയുകയുണ്ടായി: "ഉണ്ട്. നാലു കാര്യങ്ങളുണ്ട്. അവരുടെ പേരിൽ (ജനാസ) നമസ്കരിക്കുകയും അവർക്കു പാപമോചനം തേടുകയും ചെയ്യലും, അവരുടെ വാഗ്ദത്തം നടപ്പിലാക്കലും, അവരുടെ ചങ്ങാതിമാരെ ആദരിക്കലും, അവർ മുഖാന്തിരം മാത്രമുണ്ടാകുന്ന രക്തബന്ധം (കുടുംബബന്ധം) പാലിക്കലും; ഇവയാണ് അവരുടെ മരണശേഷം അവരോടു ചെയ്യേണ്ട പുണ്യത്തിൽ നിന്റെമേൽ ബാക്കിയുള്ളത്" (അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ).

ഇബ്നു ഉമർ؄ ഒരിക്കൽ മക്കയിലെ ഒരു തെരുവീഥിയിൽവെച്ച് ഒരു 'അഅ്റാബി'യെ (ഗ്രാമീണനെ) കണ്ടപ്പോൾ, അദ്ദേഹത്തിനു സലാം ചൊല്ലി വാഹനപ്പുറത്തുനിന്നിറങ്ങി. അദ്ദേഹത്തെ അതിൻമേൽ ഒന്നിച്ചിരുത്തുകയും തന്റെ തലപ്പാവ് അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു. ഇബ്നുദീനാർ؄ പറയുകയാണ്: 'ഈ അഅ്റാബികൾക്ക് അൽപം കൊടുത്താലും അവർ തൃപ്തിപ്പെടുമല്ലോ' എന്ന് ഞങ്ങൾ അപ്പോൾ ഇബ്നു ഉമറി؄നോടു പറയുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇയാളുടെ പിതാവ് (എന്റെ പിതാവായ) ഉമറിന്റെ ഒരു ഇഷ്ടക്കാരനായിരുന്നു. റസൂൽﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുമുണ്ട്: പുണ്യത്തിൽവെച്ചു വളരെനല്ല ഒരു പുണ്യമാണു പിതാവ് പിന്നിട്ടുപോയ ശേഷം അദ്ദേഹത്തിന്റെ ഇഷ്ടക്കാരോടു ബന്ധം ചേർക്കുന്നത്' (മുസ്‌ലിം).

**(അവസാനിച്ചില്ല)**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com





# ബാങ്കിലെ വചനങ്ങൾ നിർണയിക്കപ്പെടുന്നു

മുഹമ്മദ് നബി ﷺ 33

നബി ﷺ മദീനയിൽ എത്തിയതിനുശേഷം ഇസ്‌ലാമിൽ നടപ്പിലായ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ബാങ്കും കിബ്‌ലമാറ്റവും. ഈ രണ്ട് കാര്യങ്ങളും നമ്മുടെ അഞ്ചുനേരത്തെ നമസ്‌കാരവുമായി ബന്ധപ്പെട്ടുകിടക്കുന്നവയാണല്ലോ. ഹിജ്‌റയുടെ മുമ്പും ഹിജ്‌റക്ക് ശേഷം അൽപകാലവും ബയ്തുൽമുക്വദ്ദസിലേക്ക് തിരിഞ്ഞായിരുന്നു നബി ﷺ നമസ്‌കരിച്ചിരുന്നത്. ഇബ്‌നു ഉമറി(റ)ൽ നിന്നും വന്നിട്ടുള്ള ഒരു വചനം ഇമാം ബുഖാരി(റഹി) ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

ഇബ്‌നു ജുറയ്ജി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "എന്നോട് നാഫിഅ് പറഞ്ഞു: 'തീർച്ചയായും ഇബ്‌നു ഉമർ(റ) പറയാറുണ്ടായിരുന്നു: മുസ്‌ലിംകൾ മദീനയിൽ എത്തിയ സന്ദർഭത്തിൽ അവർ (നമസ്‌കാര

ത്തിനായി) ഒരുമിച്ചുകൂടുമായിരുന്നു. അങ്ങനെ അവർ നമസ്കാരത്തിന് സമയമാകുന്നവരാകും. (അന്ന്) അതിന് വിളിച്ചുപറയപ്പെടുന്നതില്ലായിരുന്നു. അങ്ങനെ ഒരുദിവസം അവർ അതിനെ സംബന്ധിച്ച് സംസാരിച്ചു. അപ്പോൾ അവരിൽ ചിലർ പറഞ്ഞു: ക്രൈസ്തവരുടെ മണിനാദം പോലെ നിങ്ങളും ഒരു മണിനാദം സ്വീകരിക്കുവിൻ. അവരിൽ ചിലർ പറഞ്ഞു: അല്ല, യഹൂദികളുടെ കൊമ്പ് പോലെ ഒരു കാളം (ആക്കാം). അപ്പോൾ ഉമർ ﷺ പറഞ്ഞു: നമസ്കാരം (ആയി എന്ന് അറിയിക്കുന്നത്) കൊണ്ട് വിളിച്ചുപറയുന്ന ഒരാളെ നിങ്ങൾക്ക് നിയോഗിച്ചുകൂടെയോ?' അപ്പോൾ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: 'ഓ, ബിലാൽ! എഴുന്നേൽക്കൂ; എന്നിട്ട് നമസ്കാരത്തിന് വിളിക്കൂ."

ആദ്യകാലത്ത് ബാങ്ക് വിളിക്കുന്ന സമ്പ്രദായമല്ല ഉണ്ടായിരുന്നത്. നമസ്കാരത്തിന് സമയമായാൽ അവർ പള്ളിയിൽ ഒരുമിച്ചുകൂടും. അത് പലപ്പോഴും പലർക്കും പ്രയാസമുണ്ടാക്കുമല്ലോ. കാരണം, സമയമായി എന്ന് അറിയാതെപോയാൽ നമസ്കാരത്തിന് പള്ളിയിലെത്താൻ കഴിയില്ല. അങ്ങനെ അവർ അതിനൊരു മാർഗം കാണണം എന്ന് ആശിച്ചു. പരസ്പരം പല കാര്യങ്ങളും പങ്കുവെച്ചു. ക്രൈസ്തവർ എന്തെങ്കിലും അറിയിക്കാനുണ്ടെങ്കിൽ മണിയടിക്കുകയാണ് പതിവ്. അതുപോലെ നമുക്കും നമസ്കാര സമയമായാൽ മണിയടിക്കാം എന്ന് ചിലർ പറഞ്ഞു. അതുവേണ്ട, നമുക്ക് ജൂതന്മാർ കുഴൽ ഊതുന്നത് പോലെ ചെയ്യാം എന്ന് മറ്റു ചിലരും പറഞ്ഞു. തീ കത്തിക്കുക, അത് കാണുമ്പോൾ നമസ്കാര സമയമായി എന്ന് മനസ്സിലാക്കാം എന്നായിരുന്നു മറ്റുചിലരുടെ അഭിപ്രായം. നമസ്കാര സമയം ആയാൽ അത് വിളിച്ചുപറയാൻ ഒരാളെ നിയോഗിച്ചാൽ പോരേ എന്ന് ആ സമയത്ത് ഉമർ ﷺ ചോദിക്കുകയും നബി ﷺ ആ അഭിപ്രായത്തെ അല്ലാഹുവിന്റെ വഹ്യിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുകയും ബിലാലി ﷺ നോട് അതിനായി കൽപിക്കുകയും ചെയ്തു. അനസി ﷺ ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഒരു റിപ്പോർട്ടിൽ ഇപ്രകാരവും കാണാം:

അനസുബ്നു മാലികി ﷺ ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ജനങ്ങൾ അധികരിച്ചപ്പോൾ നമസ്കാരത്തിന്റെ സമയം അറിയാനും (അങ്ങനെ അതു മുഖേന) അത് മനസ്സിലാക്കാനുമായി ഒരു കാര്യത്തെക്കുറിച്ച് അവർ സംസാരിച്ചു. അപ്പോൾ അവർ ഒരു തീ കത്തിക്കുവാൻ, അല്ലെങ്കിൽ അവർ മണിയടിക്കുവാൻ പറഞ്ഞു. അങ്ങനെ ബാങ്കിന് രണ്ട് തവണകളായും ഇക്വാമത്തിന് ഒറ്റയാക്കിയും (വിളിച്ചു പറയാൻ) ബിലാൽ ﷺ കൽപിക്കപ്പെട്ടു" (ബുഖാരി).

ബാങ്കിന്റെ തുടക്കം ഇപ്രകാരമായിരുന്നു. എന്നാൽ പിന്നീട് അതിൽനിന്നും മാറി ഇന്ന് നാം നിർവഹിക്കുന്നത് പോലെ നിശ്ചിത വചനങ്ങൾ പറഞ്ഞ് അറിയിക്കുന്ന രൂപത്തിലേക്ക് വന്നത് ഒരു അത്ഭുത സംഭവത്തിലൂടെയാണ്. ആ സംഭവം ഇപ്രകാരമാണ്:

അബ്ദുല്ലാഹിബ്നു സയ്ദി ﷺ ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ ﷺ ജനങ്ങൾക്ക് നമസ്കാരത്തിന് ഒരുമിച്ചുകൂടാനായി മണിനാദം മുഴക്കാൻ കൽപിച്ചു. (അങ്ങനെ) ഞാൻ ഉറങ്ങുന്നവനായിരിക്കെ ഒരാൾ കൈയിൽ മണിയുമായി എന്നെ ചുറ്റുന്നു! അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'ഓ അബ്ദുല്ലാഹ്, ഈ മണി താങ്കൾ വിൽക്കുന്നുണ്ടോ?' അദ്ദേഹം ചോദിച്ചു: 'ഇതുകൊണ്ട് താങ്കൾ എന്താണ് ചെയ്യുക?' അബ്ദുല്ലാഹിബ്നുസയ്ദ് ﷺ പറയുന്നു; ഞാൻ പറഞ്ഞു: 'ഞങ്ങൾ അതുകൊണ്ട് നമസ്കാരത്തിന് വിളിക്കും.' അദ്ദേഹം ചോദിച്ചു: 'അതിനെക്കാൾ ഉത്തമമായ ഒന്നിനെ പറ്റി ഞാൻ താങ്കളെ അറിയിക്കട്ടെയോ?' അബ്ദുല്ലാഹിബ്നു സയ്ദ് ﷺ പറയുന്നു; ഞാൻ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'താങ്കൾ പറയുക: അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ അല്ലാഹു അക്ബർ, അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്, അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്, ഹയ്യ അലസ്സ്വലാഃ, ഹയ്യ അലസ്സ്വലാഃ, ഹയ്യ അലൽഫലാഹ്, ഹയ്യ അലൽഫലാഹ്, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ്.' പിന്നീട് അധികം ദൂരമല്ലാതെ (എന്നിൽനിന്നും) വിട്ടുനിന്നു. പിന്നീട് അദ്ദേഹം പറഞ്ഞു: 'നമസ്കാരം നിർവഹിക്കപ്പെടാനായാൽ; 'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്, ഹയ്യ അലസ്സ്വലാഃ, ഹയ്യ അലൽഫലാഹ്, ക്വദ് ക്വാമതിസ്സ്വലാഃ, ക്വദ് ക്വാമതിസ്സ്വലാഃ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ്' (ഇപ്രകാരവും) താങ്കൾ പറയുക. നേരം പുലർന്നപ്പോൾ ഞാൻ അല്ലാഹുവിന്റെ റസൂലി ﷺ ന്റെ അടുത്തുചെന്നു. ഞാൻ (ഉറക്കത്തിൽ) കണ്ടത് ന

ബിؓയോട് അറിയിച്ചു. അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹു ഉദ്ദേശിച്ചാൽ തീർച്ചയായും ആ സ്വപ്നം സത്യംതന്നെയാകുന്നു. അതിനാൽ ബിലാലിന്റെ കൂടെ താങ്കളും എഴുന്നേൽക്കുക. എന്നിട്ട് താങ്കൾ കണ്ട ഈ കാര്യങ്ങൾ ബിലാലിനെ കേൾപിക്കുക. എന്നിട്ട് അദ്ദേഹം അത് വിളിച്ചുപറയട്ടെ. നിശ്ചയമായും അദ്ദേഹം താങ്കളെക്കാൾ ഉച്ചത്തിൽ വിളിച്ചു പറയുന്നവനാകുന്നു.' അബ്ദുല്ലാഹിബ്നു സയ്ദ്ؓ പറയുന്നു: 'അങ്ങനെ ഞാൻ ബിലാലിന്റെകൂടെ എഴുന്നേറ്റു. എന്നിട്ട് ഞാൻ അതെല്ലാം അദ്ദേഹത്തിന് കേൾപിക്കുകയും അദ്ദേഹം അത് വിളിച്ചുപറയുകയും ചെയ്തു. അബ്ദുല്ലാഹിബ്നു സയ്ദ്ؓ പറയുന്നു: 'ഉമറുബ്നുൽ ഖത്വാബ് തന്റെ വീട്ടിൽ നിന്ന് അത് കേട്ടു. തന്റെ തട്ടം വലിച്ച് (വേഗത്തിൽ) പുറപ്പെട്ടു. അദ്ദേഹം പറയുകയും ചെയ്തു; അങ്ങയെ സത്യവുമായിക്കൊണ്ട് അയച്ചവൻ തന്നെയാണ സത്യം, തീർച്ചയായും താങ്കൾ കണ്ടതുപോലെ ഞാനും കണ്ടിരിക്കുന്നു. അബ്ദുല്ലാഹിബ്നു സയ്ദ്ؓ പറയുന്നു: അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'അല്ലാഹുവിനാകുന്നു സർവസ്തുതിയും'' (അഹ്മദ്).

ആദ്യനാളുകളിൽ നമസ്കാരസമയം അറിയാനായി മണിയടിക്കുന്ന സംവിധാനമാകാം എന്ന് ജനങ്ങളുടെ സംസാരത്തിൽനിന്ന് നബിﷺ മനസ്സിലാക്കി. എന്നാൽ അതിനോട് വലിയ താൽപര്യമൊന്നും നബിﷺക്ക് ഉണ്ടായിരുന്നില്ല എന്ന് വേറെ റിപ്പോർട്ടിൽ നമുക്ക് കാണുകയും ചെയ്യാം. ക്രൈസ്തവരോട് യോജിക്കുന്ന നടപടിയായതിനാലാണ് നബിﷺക്ക് അതിൽ അതൃപ്തിയുണ്ടായിരുന്നത്. പക്ഷേ, ജനങ്ങളെ നമസ്കാരസമയത്ത് ഒരുമിച്ചു കൂട്ടണമല്ലോ. താൽപര്യമില്ലെങ്കിലും അങ്ങനെ ചെയ്യാം എന്ന ഒരു അഭിപ്രായം അവിടുത്തേക്കും ഉണ്ടായി; തീരുമാനിച്ചിട്ടില്ലായിരുന്നു. ചർച്ച ചെയ്ത് എല്ലാവരും പിരിഞ്ഞു പോയി. എല്ലാവരും വീട്ടിലെത്തി. ശേഷം അബ്ദുല്ലാഹിബ്നുസയ്ദ്ؓ സ്വപ്നം കണ്ടതും അനുബന്ധ സംഭവങ്ങളും നാം മുകളിലുദ്ധരിച്ച ഹദീഥിലൂടെ മനസ്സിലാക്കി.

ഈ സംഭവത്തിൽനിന്ന് ചില പ്രധാനപ്പെട്ട കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. അബ്ദുല്ലാഹിബ്നു സയ്ദ്ؓ കണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല ഈ ഒരു കർമം ഇസ്ലാമിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബിﷺയുടെ അംഗീകാരത്തോടെയാണ് ഇത് ഇസ്ലാമിക ആചാരമായി സ്ഥിരപ്പെടുന്നത്. ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ആരെങ്കിലും കാണുന്ന എന്തെങ്കിലും സ്വപ്നത്തെ ഇസ്ലാമിക നിയമമാക്കി അവതരിപ്പിക്കാൻ തുനിയുന്നത് തികച്ചും ഇസ്ലാമിക പ്രമാണങ്ങളോടുള്ള വെല്ലുവിളിയായിട്ടാണ് നാം മനസ്സിലാക്കേണ്ടത്.



ബാങ്കിന്റെ രൂപം സ്വപ്നത്തിൽ കണ്ട രണ്ട് സ്വഹാബിമാരോടും നബിﷺ അത് നിർവഹിക്കാൻ കൽപിച്ചില്ല. കാരണം, ബാങ്ക് വിളിക്കുന്നത് ശ്രവണസുന്ദരമായ ശബ്ദത്തിലായിരിക്കണം. കേൾക്കുന്ന മാത്രയിൽതന്നെ നമസ്കാരത്തിനുള്ള ഒരുക്കത്തിന് പ്രേരണയാകും വിധത്തിലാകണം അത് നിർവഹിക്കേണ്ടത്. അതിനാൽ നബിﷺ ശബ്ദസൗന്ദര്യമുള്ള ബിലാലിؓനെയാണ് ഈ മഹത്കർമത്തിനായി തെരഞ്ഞെടുത്തത്. ഇന്ന് മഹത്തായ ഈ കർമത്തിനോടുള്ള ആദരവ് മുസ്ലിം സമൂഹത്തിൽനിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബാങ്ക് വിളിക്കപ്പെടുമ്പോൾ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കിയും തമാശകൾ പറഞ്ഞും കേട്ടില്ലെന്ന് നടിക്കുന്നവരാണ് അധികപേരും. അത് പാടില്ല. ബാങ്ക് കേൾക്കുമ്പോൾ അതുപോലെ ഏറ്റുപറയുകയും ശേഷം നബിﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ശേഷം ബാങ്കിനു ശേഷമുള്ള പ്രാർഥന ചൊല്ലുകയും ചെയ്താൽ നബിﷺ നാളെ പരലോകത്ത് നടത്തുന്ന ശുപാർശക്ക് അർഹരാകുമെന്നും അവിടുന്ന് നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഈ പ്രതിഫലം കരസ്ഥമാക്കാൻ പരിശ്രമിക്കുന്നവരുടെ എണ്ണം ഇക്കാലത്ത് വളരെ വിരളമാണെന്നത് ഒരു സത്യമാണല്ലോ. **(അവസാനിച്ചില്ല)**

ബാലപഥം



# ഇന്ത്യയെന്ന പൂന്തോട്ടം

നോക്കൂ നിങ്ങൾ പൂന്തോട്ടം
എത്ര മനോഹരി പൂന്തോട്ടം
മൂവർണത്തിൽ ചാലിച്ച
സ്വാതന്ത്ര്യക്കൊടി പാറുന്നു
ഭാഷകളനവധിയുണ്ടല്ലോ
വേഷം പലവിധമാണല്ലോ
ഹിന്ദു മുസൽമാൻ ക്രൈസ്തവനും
സിഖ് ഇസായി ബുദ്ധമതം
ഒത്തൊരുമിച്ച് വസിക്കുന്നു
എന്തൊരു ചന്തം കാണുമ്പോൾ
ഇന്ത്യയിതല്ലോ പൂന്തോട്ടം
ഇഷ്ടമിതല്ലോ പൂന്തോട്ടം





ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# ഹിജ്റ

ഉച്ചിയിൽ കത്തുന്ന സൂര്യൻ
ഉള്ളിലോ അതിലേറെ ചൂടും
ഉത്ക്കട മോഹവും പേറി
ഉത്തമ ദൂതർ നടന്നു

കൂടെ പ്രിയരിൽ പ്രിയനാം
കൂട്ടുകാരൻ അബൂബക്കർ
സൗർ എന്ന ഗുഹയിൽ ഒളിച്ചു
ഇരുവരും യാത്രക്കിടയിൽ

ശത്രുക്കളോ പിടികൂടാൻ
ഗുഹതന്നടുത്തോളമെത്തി
ഭീതിയിലായ് അബൂബക്കർ
ആശ്വാസമേകി നബിയോർ

പിന്നിൽ സുറാഖയും വന്നേ
ഒട്ടകമോ തൊട്ടടുത്ത്
കാലുകൾ പൂണ്ടല്ലോ മണ്ണിൽ
ഒട്ടും അനങ്ങാത്ത മട്ടിൽ

ആഴ്ചകൾ പിന്നിട്ട യാത്ര
അവസാനമെത്തി മദീന
ആമോദമാൽ എതിരേറ്റേ
ആഹ്ലാദമെങ്ങും നിറഞ്ഞേ

WISDOM students



# സർഗ വസന്തം

**ജൂലൈ – ഒക്ടോബർ 2021**

**ശാഖ, മണ്ഡലം, ജില്ല കേന്ദ്രങ്ങളിൽ**

wisdomstudents

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 AUGUST 14

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
Google Pay Paytm